No/450/2022/SRG/LSGD(CC)(4)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം 15.10.2022 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 മണിക്ക് ലയം കോൺഫറൻസ് ഹാൾ, അനക്സ് II, സെക്രട്ടറിയേറ്റ്

## അജണ്ട

1. **പദ്ധതി അവലോകനം**

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23-ലെ വാർഷിക പദ്ധതി പുരോഗതി – അവലോകനം**

13.10.2022 വരെയുള്ള ആകെ പദ്ധതി ചെലവ് 14.98 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 15.58 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് വയനാട് ജില്ലയിലും (19.4 ശതമാനം) ഏറ്റവും കുറവ് കാസർകോട് ജില്ലയിലുമാണ് 12.36 ശതമാനം). 41.82 കോടി രൂപയുടെ 2327 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 67.96 കോടി രൂപയുടെ 3389 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | Total |
|---|---|---|---|---|---|---|
| 1 | **ഗ്രാമ പഞ്ചായത്ത്** | **18.72** | **15.54** | **19.07** | **14.65** | **17.01** |
| 2 | **ബ്ലോക്ക് പഞ്ചായത്ത്** | **15.83** | **16.10** | **23.50** | **11.86** | **15.21** |
| 3 | **ജില്ലാ പഞ്ചായത്ത്** | **10.27** | **11.16** | **13.07** | **12.56** | **11.10** |
| 4 | **മുനിസിപ്പാലിറ്റി** | **21.91** | **11.06** | **9.87** | **10.62** | **15.19** |
| 5 | **കോർപ്പറേഷൻ** | **11.54** | **7.89** | **–** | **6.23** | **9.60** |
| 6 | **ആകെ** | **16.75** | **13.95** | **17.97** | **12.29** | **14.98** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | | | | |
|---|---|---|---|---|---|
| 1 | വയനാട് | 19.40 | 8 | എറണാകുളം | 14.21 |
| 2 | ആലപ്പുഴ | 17.99 | 9 | ഇടുക്കി | 13.98 |
| 3 | കൊല്ലം | 17.81 | 10 | മലപ്പുറം | 13.88 |
| 4 | പാലക്കാട് | 16.51 | 11 | പത്തനംതിട്ട | 13.66 |
| 5 | തൃശ്ശൂർ | 15.60 | 12 | കോട്ടയം | 13.10 |
| 6 | കണ്ണൂർ | 14.80 | 13 | തിരുവനന്തപുരം | 12.60 |
| 7 | കോഴിക്കോട് | 14.58 | 14 | കാസർകോഡ് | 12.36 |

**ഫണ്ടിന്റെ വിഭാഗം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു (ശതമാനം)**

| ജനറൽ | എസ്.സി.പി | റ്റി.എസ്.പി | സി.എഫ്.സി |
|---|---|---|---|
| 16.78 | 13.93 | 17.96 | 11.31 |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് (ശതമാനം) | | |
|---|---|---|---|
| | പുതിയ പ്രോജക്ട് | സ്പിൽ ഓവർ പ്രോജക്ട് | ആകെ |
| ഗ്രാമപഞ്ചായത്ത് | 10.01 | 7.03 | 17.04 |
| ബ്ലോക്ക് പഞ്ചായത്ത് | 9.45 | 5.80 | 15.25 |
| ജില്ലാ പഞ്ചായത്ത് | 5.04 | 6.06 | 11.10 |
| മുനിസിപ്പാലിറ്റി | 7.11 | 8.75 | 15.86 |
| കോർപ്പറേഷൻ | 3.44 | 7.52 | 10.96 |
| നഗരസഞ്ചയം | 0.37 | 5.05 | 5.42 |
| **ആകെ** | **8.24** | **6.74** | **14.98** |

**മുൻ വർഷങ്ങളിൽ സെപ്റ്റംബർ 30 വരെയുള്ള പദ്ധതി ചെലവ് (ശതമാനം)**

| | സെപ്റ്റംബർ 30 |
|---|---|
| **2014-15** | 11.23 |
| **2015-16** | 10.81 |
| **2016-17** | 2.27 |
| **2017-18** | 20.57 |
| **2018-19** | 30.49 |
| **2019-20** | 24.76 |
| **2020-21** | 33.01 |
| **2021-22** | 14.19 |
| **2022-23** | 14.19 |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1. 02.06.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 ഖണ്ഡിക 3.7

പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾ ഇല്ലായെങ്കിലും 2022-23 വർഷം റ്റി.എസ്.പി വിഹിതം ലഭിച്ചിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവരം 02.06.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ യോഗ തീരുമാനപ്രകാരം നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും 26.07.22 ലെ യോഗത്തിൽ നൽകിയിരുന്നു.

**(i) നഗരസഭകൾ**

പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത നാലു നഗരസഭകളാണ് ഉള്ളത്. നഗരകാര്യ ഡയറക്ടർ നൽകിയ ഈ ലിസ്റ്റ Tribal Extention Officer പരിശോധിച്ചു സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | ഈവർഷം അനുവദിച്ച റ്റി.എസ്.പി വിഹിതം |
|---|---|---|
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 2,81,000 രൂപ |
| 2 | കോഴിക്കോട് കോർപ്പറേഷൻ | 1,38,000 രൂപ |
| 3 | കണ്ണൂർ കോർപ്പറേഷൻ | 11,79,000 രൂപ |
| 4 | കൊയിലാണ്ടി നഗരസഭ | 2,65,000 രൂപ |

ഇത് Tribal Extention Officer കൂടി സാക്ഷ്യപ്പെടുത്തി പട്ടികവർഗ്ഗ വികസന ഡയറക്ടർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് ഈ വിഹിതം മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വീതിച്ചു നൽകുന്നതിനായി ധനവകുപ്പിനു നൽകണം. ഇതിനാവശ്യമായ നടപടി നഗരകാര്യ ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും സ്വീകരിക്കണം.

(ii) **ഗ്രാമപഞ്ചായത്ത്** - പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾ ഇല്ലാതെ റ്റി.എസ്.പി വിഹിതം ലഭിച്ചിട്ടുള്ളത് തിക്കൊടി ഗ്രാമപഞ്ചായത്തിനു മാത്രമാണ്. വിഹിതം - 6,78,000 രൂപ. ഈ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലായെന്ന് Tribal Extention Officer സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം റ്റി.എസ്.പി വിഹിതം അനുവദിച്ചിരുന്നുവെങ്കിലും പട്ടികവർഗ്ഗ കുടുംബം ഇല്ലാത്തതിനാൽ റ്റി.എസ്.പി വിഹിതം ചെലവഴിച്ചില്ല. അതിനാൽ ഈ വർഷം വികസനഫണ്ട് ജനറലിൽ 5,42,400 രൂപ കുറവു ചെയ്ത് പരിഹാര തുകയായി മാറ്റിയിട്ടുണ്ട്. (ഈ വർഷത്തെ ആകെ റ്റി.എസ്.പി വിഹിതം 12,20,400 രൂപ) അതിനാൽ വികസന ഫണ്ട് ജനറലിൽ കുറവു ചെയ്തു (പരിഹാര തുക) തിരികെ ജനറൽ ഫണ്ടിലാക്കി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതനുസരിച്ച് പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടറുടെ പ്രതിനിധി വിശദാംശം 21.08.2022 ലെ യോഗത്തിൽ അവതരിപ്പിച്ചു.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | പട്ടികവർഗ്ഗ കുടുംബങ്ങൾ |
|---|---|---|
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 2 |
| 2 | കോഴിക്കോട്ടു കോർപ്പറേഷൻ | 3 |
| 3 | കണ്ണൂർ കോർപ്പറേഷൻ | 21 |
| 4 | കൊയിലാണ്ടി നഗരഭ | 1 |
| 5 | തിക്കോടി ഗ്രാമപഞ്ചായത്ത് | കുടുംബങ്ങൾ ഇല്ല |

(പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ച വിവിരങ്ങൾ കത്തായി ഉടനെതന്നെ നൽകണമെന്ന് യോഗം നിർദ്ദേശിച്ചു. ഡയറക്ടർ പിന്നീട് കത്ത് നൽകി)

**21.08.2022 ലെ തീരുമാനം :-** കുടുംബങ്ങളുടെ എണ്ണമനുസരിച്ച് നിലവിലെ മാനദണ്ഡപ്രകാരം റ്റി.എസ്.പി വിഹിതം പുനഃക്രമീകരിക്കാൻ ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. തിക്കോടി ഗ്രാമപഞ്ചായത്തിന് ഈ വർഷം അനുവദിച്ച തുക മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാനദണ്ഡപ്രകാരം വീതിച്ചു നൽകണമെന്നും ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഒപ്പം തിക്കോടി ഗ്രാമപഞ്ചായത്ത് കഴിഞ്ഞവർഷം പരിഹാരതുകയായി വികസനഫണ്ട് ജനറലിൽ നിന്നു മാറ്റി വച്ച തുക 5,42,400 രൂപ വികസന ഫണ്ട് ജനറലിലേക്ക് തിരികെ മാറ്റാൻ തീരുമാനിച്ചു. ഇതിനാവശ്യമായ നടപടി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ഐ.കെ.എം-ഉം സ്വീകരിക്കണം. നഗരസഭകളുടെ കാര്യത്തിൽ ആവശ്യമായ തുടർനടപടി നഗരകാര്യഡയറക്ടർ സ്വീകരിക്കണം.

**നടപടി:- 1)നഗരകാര്യ ഡയറക്ടർ**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ധനവകുപ്പ്**
**4) എസ്.ആർ.ജി**
**5)ഐ.കെ.എം**
**(തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )**

**2.2 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 4.5**

**കാസർഗോഡ് നഗരസഭ**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്തും കാസർഗോഡ് മുനിസിപ്പൽ കൗൺസിലിന്റെ 20.01.2021 ലെ 1-ാം നമ്പർ തീരുമാനവും (SRG 472/22- CC /292/21).**

കാസർഗോഡ് നഗരസഭയിലെ 20-ാം വാർഡിൽ കരിപ്പൊടി റോഡ് വീതി കൂട്ടുന്നതിന് 18.08.2015 ലെ കൗൺസിൽ തീരുമാനിക്കുകയും (തീരുമാനം നമ്പർ 37) പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയില്ല. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി 31.08.2015 ലാണ് ടെണ്ടർ ചെയ്തത്. ഇതിന്റെ എസ്റ്റിമേറ്റ് 9.80 ലക്ഷം രൂപയാണ്. ബിൽ തുക 8,85,356 രൂപ. നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം ചെയ്ത പ്രവൃത്തി സാധൂകരിച്ച് ബിൽ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**26.07.2022 ലെ തീരുമാനം :-**

1) പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതി കൂടാതെ പ്രവൃത്തി ചെയ്തത് ക്രമ വിരുദ്ധമാണ് എന്ന് യോഗം വിലയിരുത്തി.
2) ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട് :-** ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാത്തത് നിർവ്വഹ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇത്തരത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതെ പ്രവൃത്തികൾ ചെയ്യുന്നത് വ്യാപകമായി കണ്ടു വരുന്നുണ്ട്.

**നടപടി:- 1) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**<u>2.2 ഖണ്ഡിക 4.15</u>**

**<u>കാമാക്ഷി ഗ്രാമപഞ്ചായത്ത്</u>**

**കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.05.2022 ലെ** A4-4140/21-ാം **നമ്പർ കത്തും ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2022 ലെ കത്തും (SRG 357/22 – CC/233/22).**

| | | |
|---|---|---|
| ***പ്രോ.നം: 106/21*** | ***അടങ്കൽ*** | ***20,00,000 രൂപ*** |
| | *സി.എഫ്.സി– ബെയ്സിക് ഗ്രാന്റ്* | *10,00,000 രൂപ* |
| | *വികസന ഫണ്ട്– ജനറൽ* | *4,13,680 രൂപ* |
| | *തനത് ഫണ്ട്* | *5,86,320 രൂപ* |
| ***പേര്:*** | ***മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം വാങ്ങൽ*** | |

കാമാക്ഷി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്നത് തങ്കമണിയിലാണ്. ബസ് സ്റ്റാന്റിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് മതിയായ സ്ഥല സൗകര്യം ഇല്ല. ബസ്സുകൾ ബസ് സ്റ്റാന്റിൽ കയറാത്തതിനാൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലത്തിന് പോകുന്നില്ല. ബസ് സ്റ്റാന്റിലേക്ക് കയറി ഇറങ്ങാൻ സൗകര്യമൊരുക്കുന്നതിന് ജിജി മോൾ തോമസ്, വേഴമ്പശ്ശേരിൽ എന്നയാളുടെ 02.28 ആർ സ്ഥലം (സർവ്വേ നമ്പർ 257/16 PT2, 257/17PT2, 257/39PT1) വാങ്ങാനുദ്ദേശിക്കുന്നു. സ്ഥലമുടമയുമായി ചർച്ച ചെയ്തു. വില്ലേജ് ഓഫീസറുടെ വാല്യുവേഷൻ പ്രകാരം ഈ സ്ഥലത്തിന്റെ വില 9,04,907 രൂപയാണ്. സ്ഥലമുടമ ആവശ്യപ്പെടുന്നത് 45.00 ലക്ഷം രൂപയാണ്. വില്ലേജ് ഓഫീസർ നിശ്ചയിച്ച തുകയോടൊപ്പം 30 ശതമാനം കൂടി (സൊലേഷ്യം) ചേർത്താലും സ്ഥലമുടമ ആവശ്യപ്പെടുന്നതിനേക്കാൾ വളരെ കുറവാണ്. അതിനാൽ സ്ഥലമുടമ ആവശ്യപ്പെടുന്ന 45.00 ലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതനുസരിച്ച് സ്ഥലം ഡയറക്ടർ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്</u>** :- വില്ലേജ് ഓഫീസർ നിശ്ചയിച്ച തുകയോടൊപ്പം 30 ശതമാനം സൊലേഷ്യം കൂടി ഉൾപ്പെടുത്തിയാലും ഉടമ ആവശ്യപ്പെടുന്ന തുകയേക്കാൾ കുറവാണ്. ഈ തുകയ്ക്ക് സമവായത്തിലൂടെ ഭൂമി ലഭിക്കാൻ സാധ്യതയില്ലെങ്കിൽ ഭൂമി വിലയ്ക്കെടുക്കൽ നിയമപ്രകാരം വസ്തു ആർജ്ജിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**നടപടി :- 1) പഞ്ചായത്ത് ഡയറക്ടർ**

**(തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്)**

**2.2 ഖണ്ഡിക 4.40**

**നാദാപുരം ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.04.2022 ലെ കത്ത് (SRG 483/22 – CC/289/2021)**

| | | |
|---|---|---|
| *പ്രോ.നം: 142/22* | *അടങ്കൽ* | *5,00,000 രൂപ*<br>*(വികസനഫണ്ട് ജനറൽ)* |
| *പേര്* | *ഹൈമാസ്റ്റ് ലൈറ്റ് വാങ്ങൽ* | |

ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 2018-19 ൽ ഉൾപ്പെടുത്തിയിരുന്നു. 2019-20 ൽ ഇതു പൂർത്തീകരിച്ചു. സാങ്കേതികാനുമതി കൂടാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. ഒപ്പം ഇതിന് ഗുണനിലവാര സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. അതിനാൽ ബിൽതുക നൽകാൻ കഴിയുന്നില്ല. നാദാപുരം താലൂക്കാശുപത്രി കോമ്പൗണ്ടിലും കല്ലാച്ചി പഴയ മാർക്കറ്റ് ജീപ്പ് സ്റ്റാന്റിനു സമീപവുമാണ് ലൈറ്റ് സ്ഥാപിച്ചത്. ടെണ്ടർ നടപടിക്രമം പാലിച്ച് പവർലൈൻ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി ഏല്പിച്ചത്. ലൈറ്റ് സ്ഥാപിക്കാൻ PWD റോഡ് ഡിവിഷൻ, KWA, BSNL, KSEB എന്നിവർക്കെല്ലാം NOC ക്കായി കത്തു നൽകിയെങ്കിലും ഇത് ലഭിച്ചില്ല. പ്രവൃത്തി ചെയ്ത ഏജൻസി ബിൽ തുക ലഭിക്കാൻ നിയമ നടപടിക്ക് ഒരുങ്ങുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ബിൽ തുക നൽകി പ്രശ്നം പരിഹരിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

സാങ്കേതികാനുമതി ബന്ധപ്പെട്ട വകുപ്പ് / ഏജൻസിയുടെ NOC ഇല്ലാതെ പ്രോജക്ട് നടപ്പാക്കിയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് എന്ന് ോഗം 26.07.2022 ലെ യോഗം വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ യോഗം ചുമതലപ്പെടുത്തിയിരുന്നു ഇതനുസരിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- സാങ്കേതികാനുമതി കൂടാതെയാണ് ടെണ്ടർ ചെയ്തത്. NOC നൽകേണ്ട BSNL, PWD, KWA തുടങ്ങിയ ഏജൻസിക്ക് കത്തും തുടർന്ന് ഓർമ്മക്കിറിപ്പും നൽകിയെങ്കിലും NOC ലഭിച്ചിട്ടില്ല. ലൈറ്റ് പരിശോധിച്ച് ഗുണനിലവാരം സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ ഇലക്ട്രിക്കൽ പാനൽ ചെയർമാന് കത്തയച്ചുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയതിനാൽ പഞ്ചായത്തു ഡയറക്ടറുടെ റിപ്പോർട്ടു വാങ്ങി നടപടി സ്വീകരിക്കുന്നതാണ് നല്ലതെന്ന റിയിച്ചിട്ടുണ്ട്. ഇത് പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**നടപടി :- തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**(തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)**

**2.3 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 ഖണ്ഡിക 3.3**

തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവിധ അക്കൗണ്ടുകളിൽ പല സ്കീമുകൾക്കായി ലഭിച്ച തുക ചെലവഴിക്കപ്പെടാതെ കിടക്കുന്നുണ്ട്. നിർത്തലാക്കപ്പെട്ട സ്കീമുകളുടെ ഇനി ചെലവഴിക്കാൻ കഴിയാത്ത തുകയുടെ വിശദാംശങ്ങൾ ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും വകുപ്പ മേധാവികൾ ശേഖരിക്കണം. ഗ്രാമപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സംബന്ധിച്ച വിവരം പഞ്ചായത്ത് ഡയറക്ടറും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയുടെ വിവരം നഗരകാര്യ ഡയറക്ടറും ബ്ലോക്കു പഞ്ചായത്തുകളിലെ വിവരം ഗ്രാമവികസന കമ്മീഷണറും ശേഖരിച്ചു നൽകണം. ഓരോ വകുപ്പ് മേധാവികളും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ വിവരങ്ങൾ ആണ് നൽകേണ്ടത്. ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഏതു സ്കീമുകളിലാണെന്നു വ്യക്തമാക്കി വിവരങ്ങൾ ക്രോഡീകരിച്ചു നൽകണം.

ഇതനുസരിച്ച് ഗ്രാമവികസന കമ്മീഷണർ വിശദാംശം നൽകിയിട്ടുണ്ട്.

| **തദ്ദേശഭരണ സ്ഥാപനം** | **ചെലവഴിക്കപ്പെടാത്ത തുക സംബന്ധിച്ച വിവരം** |
|---|---|
| ഗ്രാമപഞ്ചായത്ത് | 42,78,71,361 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 3,47,76,440 രൂപ (ഐ.എ.വൈ വിഹിതം കുറവ് ചെയ്ത് ) |
| ജില്ലാ പഞ്ചായത്ത് | 24,66,95,088 രൂപ |
| മുനിസിപ്പാലിറ്റി | |
| കോർപ്പറേഷൻ | |

**നടപടി :- 1)ഗ്രാമവികസന കമ്മീഷണർ**
**2)നഗരകാര്യഡയറക്ടർ**
**3) പഞ്ചായത്ത് ഡയറക്ടർ**
**(തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് )**

**2.3.ഖണ്ഡിക 3.6**

വിശപ്പുരഹിത കേരളം പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ചില ജനകീയ ഹോട്ടലുകളിൽ കുടുംബശ്രീ നൽകേണ്ട ധനസഹായ തുക ലഭിക്കുന്നില്ല എന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് ഇങ്ങനെ ധനസഹായം ലഭിക്കാത്ത ജനകീയ ഹോട്ടലുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് ലിസ്റ്റായി നൽകാനും തുടർ നടപടി സ്വീകരിക്കാനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**റിപ്പോർട്ട്:-** ആകെ 1194 ജനകീയഹോട്ടലുകളാണ് ഉള്ളത്. ഇതുവരെ (മുൻവർഷങ്ങളിലേതു കൂടി ചേർത്ത് ) ആകെ 93.64 കോടി രൂപ ജനകീയ ഹോട്ടലുകൾക്ക് നൽകിയിട്ടുണ്ട്. ഈ വർഷം 60 കോടി രൂപ ആവശ്യമായി വരും എന്നു പ്രതീക്ഷിക്കുന്നു. ഇതുവരെ 20.00 കോടി രൂപ നൽകി.

19.94 കോടി രൂപയുടെ സബ്സിഡി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിനായി 30.00 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിനു നൽകിയിട്ടുണ്ട്. ആവശ്യമുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **ജില്ലയുടെ പേര്** | **അനുവദിക്കേണ്ട സബ്സിഡി തുക (രൂപ)** |
|---|---|---|
| 1 | തിരുവനന്തപുരം | 4,17,66,080 |
| 2 | കൊല്ലം | 1,00,00,000 |
| 3 | ആലപ്പുഴ | 75,04,910 |
| 4 | പത്തനംതിട്ട | 1,58,31,150 |
| 5 | കോട്ടയം | 75,00,000 |
| 6 | ഇടുക്കി | 62,00,000 |
| 7 | എറണാകുളം | 2,62,99,525 |
| 8 | തൃശ്ശൂർ | 2,00,00,000 |
| 9 | പാലക്കാട് | 2,05,00,000 |
| 10 | മലപ്പുറം | 1,10,00,000 |
| 11 | കോഴിക്കോട് | 70,00,000 |
| 12 | വയനാട് | 1,64,50,280 |
| 13 | കണ്ണൂർ | 56,00,000 |
| 14 | കാസർകോഡ് | 37,50,410 |
| | **ആകെ** | **19,94,02,355** |

**നടപടി :- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**(തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് )**

**2.3 ഖണ്ഡിക 3.9**

അലോപ്പതി മരുന്നുകൾ **Kerala Medical Service Corporation Limited** ൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് സബ്സിഡി – ധനസഹായ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് അടക്കമുള്ള അത്യാവശ്യമരുന്നുകൾ കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ നിന്നും വാങ്ങാവുന്നതാണെന്നും മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. ഈ സ്ഥാപനത്തോടൊപ്പം സഹകരണ സ്ഥാപനത്തിനു കീഴിലുള്ള (സഹകരണവകുപ്പിനു കീഴിലുള്ള) നീതി സ്റ്റോറിനെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച ഉത്തരവ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.3 ഖണ്ഡിക 3.10**

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി മാറ്റിവയ്ക്കുന്ന വിഹിതം ഉപയോഗിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി

പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു യോഗങ്ങൾ എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പിലെയും ആസൂത്രണ സമിതിയിലേയും അനൗദ്യോഗികാംഗങ്ങൾക്ക് യാത്രാബത്ത നൽകാൻ പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണമാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഇതിന് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വ്യക്തത കുറവുണ്ടെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ അറിയിച്ചിരുന്നു. ഇതിന്മേൽ താഴെ പറയുന്ന തീരുമാനമെടുത്തു.

യാത്രാബത്ത/ സിറ്റിംഗ് ഫീ ആയി ആകെ 300 രൂപ ഓരോ മീറ്റിംഗിനും നൽകാവുന്നതാണ്. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നു വേണം ഇതിനുള്ള വിഹിതം കണ്ടെത്തേണ്ടത്. ഇതു സംബന്ധിച്ച ഉത്തരവ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**<u>2.3 ഖണ്ഡിക 3.11</u>**

ഐ.റ്റികളിൽ നിന്ന് വിവിധ ട്രേഡുകളിൽ പഠനം പൂർത്തിയാക്കിയ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ ഉണ്ട്. ഇവർക്ക് സ്വന്തമായി ടൂൾ കിറ്റുകൾ ഇല്ലാത്തതിനാൽ അവർ പഠിച്ച തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിന് കഴിയാത്ത സാഹചര്യമുണ്ടെന്ന് യോഗം വിലയിരുത്തി. ഐ.റ്റി.ഐ, പോളിടെക്നിക് പാസ്സായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ ട്രേഡിന് (ഇലക്ട്രീഷ്യൻ, പൈപ്പ് ഫിറ്റർ, വെൽഡിംഗ് തുടങ്ങിയ കോഴ്സുകൾ) അനുസരിച്ചുള്ള ടൂൾ കിറ്റ് വാങ്ങി നൽകാവുന്നതാണ്. ഏതൊക്കെ ഉപകരണങ്ങളാണ് നൽകാവുന്നതെന്നും ഇതിന്റെ യൂണിറ്റ് നിരക്കെന്താണെന്നും യൂണിറ്റ് നിരക്ക് നിശ്ചയിക്കാനുള്ള ജില്ലാതല കമ്മിറ്റി തീരുമാനിക്കണം. ജില്ലാതല കമ്മിറ്റിയിൽ ജില്ലയിലെ പോളിടെക്നിക് / ഐ.റ്റി.ഐ പ്രിൻസിപ്പൽമാരിൽ ഒരാളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ടൂൾ കിറ്റിന് എസ്.സി/എസ്.റ്റി വിഭാഗത്തിന് 75 ശതമാനം സബ്സിഡിയാണ് നൽകാവുന്നത്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ഇതു സംബന്ധിച്ച ഉത്തരവ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**<u>2.3 ഖണ്ഡിക 3.12</u>**

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി ധനസഹായമാർഗ്ഗരേഖ 6.3 (5)ൽ **"**കന്നുകുട്ടി കാളക്കുട്ടി, പോത്തുകുട്ടി**"** എന്നിവ നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. കന്നുകുട്ടി എന്നതു കൊണ്ട് പശുകിടാവും എരുമകിടാവും ഉൾപ്പെടും എന്ന് വ്യക്തത വരുത്തുന്നു. എന്നാൽ ഇവയ്ക്ക് രണ്ടിനും പ്രത്യേക യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച സർക്കുലർ

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**<u>2.3 ഖണ്ഡിക 4.4</u>**

**<u>ഗോത്ര സാരഥി</u>**

**പഞ്ചായത്ത് ഡയറക്ടറുടെ 07.07.2022 ലെ PAN / 21113/2018 - J1 (DP)** നമ്പർ കത്ത് **(SRG** 664/22**).**

പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ പോകാൻ സൗകര്യം ഒരുക്കുന്നതിനുള്ളതാണ് ഗോത്രസാരഥി പദ്ധതി. ഇത് പട്ടികവർഗ്ഗ വികസന വകുപ്പ

മുഖേനയാണ് നടത്തിയിരുന്നത്. എന്നാൽ 2020-21 മുതൽ തദ്ദേശഭരണസ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും കൂടി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. റ്റി.എസ്.പി വിഹിതം കുറവായതിനാൽ ചിലപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടാണ്. കഴിഞ്ഞ വർഷം 2.54 കോടി രൂപ മാത്രമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്രസാരഥി പദ്ധതിയ്ക്കായി മാറ്റി വച്ചത്.

ഗോത്രസാരഥി പദ്ധതിയ്ക്കാവശ്യമായ തുകയുടെ 50 ശതമാനമെങ്കിലും പട്ടികവർഗ്ഗ വികസന വകുപ്പ് മാറ്റി വയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിലവിലുള്ള സ്ഥലങ്ങളിൽ ഇവരെ തന്നെ ഗോത്രസാരഥി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കണമെന്നതും സംബന്ധിച്ച്.

**തീരുമാനം:-** പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പ് മാറ്റി വച്ചിരിക്കുന്ന ശീർഷകത്തിൽ നിന്ന് ഗോത്രസാരഥി പദ്ധതിക്കായി തുക മാറ്റിവയ്ക്കാമെന്നും ഇതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്കയച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. ഇതനുസരിച്ച് വിഹിതം ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന ജില്ലകൾക്ക് നൽകാൻ നടപടി സ്വീകരിക്കണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം.

**നടപടി:- 1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**
**(തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )**

**2.3 ഖണ്ഡിക 4.16**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

MGNREGS **മിഷൻ ഡയറക്ടറുടെ 18.08.2020 ലെ 52996/**E/2022/REGS (1) **നമ്പർ കത്തും അനുബന്ധരേഖകളും (SRG 642/22 –** LSGD **– DD2/214/2020 / LSGD).**

1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന വീട്ടു നിർമ്മാണ യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വെണ്ടർ ആയി പ്രവർത്തിക്കുന്നതിന് **CDS** കൾക്ക് 13.08.2018 ലെ 110/2018/തസ്വഭവ ഉത്തരവു പ്രകാരം അനുമതിയുണ്ട്. മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികളുടേയും വെണ്ടർമാരായി **CDS** കൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

വെണ്ടർ എന്ന നിലയിൽ സി.ഡി.എസിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**റിപ്പോർട്ട്:-** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന വീട്ടുനിർമ്മാണ യൂണിറ്റുകൾക്ക് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിലേക്ക്

സി.ഡി.എസ്സുകൾ വെണ്ടർമാരായി പ്രവർത്തിക്കുന്നുണ്ട്. മറ്റ് ആസ്ഥി നിർമ്മാണ പ്രവൃത്തികൾക്കു കൂടി വെണ്ടർമാരായി സി.ഡി.എസിനെ നിശ്ചയിക്കാവുന്നതാണ്.

**നടപടി:- 1)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ**

**(തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)**

**2)** ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ ഘടകത്തിലുള്ള തുക തൊഴിലുറപ്പ പദ്ധതിയിൽ നിന്ന് ലഭിക്കുന്നതിലെ കാലതാമസം വെണ്ടർമാർക്ക് ബുദ്ധിമുട്ടുണ്ടാകും. ഇതു പരിഹരിക്കാൻ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും **CDS** കൾക്ക് വർക്കിംഗ് ക്യാപിറ്റൽ ലഭ്യമാക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം : -** വർക്കിംഗ് ക്യാപിറ്റലിനു നിലവിൽ വെണ്ടറായി പ്രവർത്തിക്കുന്ന **CDS** യൂണിറ്റുകൾക്ക് പകരം പരമാവധി 2.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി നൽകാവുന്നതാണ്. ഇതു സംബന്ധിച്ച ഉത്തരവ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**<u>2.3 ഖണ്ഡിക 4.24</u>**

**<u>നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്</u>**

**പഞ്ചായത്ത് ഡയറക്ടറുടെ 13.07.2022 ലെ** PAN/10333/2022-J2(DP) **നമ്പർ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2022 ലെ** A4-595/2021-**ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.02.2022 ലെ 6/4, 24.03.2022 ലെ 9/1- എന്നീ നമ്പറായുള്ള തീരുമാനങ്ങളും അനുബന്ധരേഖകളും (SRG 687/22)**

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് **2021-**22 വർഷം പട്ടികവർഗ്ഗ വിഭാഗത്തിലെ 90 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് പ്രോജക്ട് എടുത്തിരുന്നു. 6.00 ലക്ഷം രൂപ വീതമാണ് നൽകുന്നത്. ഇതിനായി ആകെ 5.40 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പുല്ലുകാട് കോളനി പ്രദേശത്തുള്ള ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഒരേക്കർ വീതം ഭൂമി സർക്കാർ നൽകിയിട്ടുണ്ട്. ഈ സ്ഥലത്താണ് വീട് നിർമ്മിച്ചു നൽകുന്നത്. ഈ വീടുകൾ നിർമ്മിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് മരുതംകുഴി, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വീടുകളുടെ ഗുണഭോക്തൃസമിതി പ്രസിഡന്റ്, ഏജൻസിയുടെ ഡയറക്ടർ എന്നിവരുമായി 25.03.2022 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടു. കൂടാതെ ഭവനനിർമ്മാണത്തിന്റെ ആദ്യഗഡുവെന്ന നിലയിൽ 1,07,28,229 രൂപ ഏജൻസിക്കു കൈമാറി (റ്റി.എസ്.പി വിഹിതം 3,21,000 രൂപയും വികസനഫണ്ട് 1,04,07,229 രൂപയും). സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പ് ലൈഫ് പദ്ധതിക്കുള്ള തുക നഷ്ടപ്പെടാതിരിക്കാനാണ് 24.03.2022 ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക കൈമാറിയതെന്നറിയിച്ചുകൊണ്ട് ഇതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**21.08.2022 കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിക്ക് വീടു നിർമ്മാണത്തിനുള്ള അക്രഡിറ്റേഷൻ ഇല്ല എന്ന് യോഗം നിരീക്ഷിച്ചു. സുസ്ഥിര നഗരവികസനം, നഗരവികസന പദ്ധതി രേഖ തയ്യാറാക്കൽ, വികസന മാതൃക തയ്യാറാക്കൽ,

കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്നീ മേഖലയ്ക്ക് മാത്രമാണ് മുകളിൽ പറഞ്ഞ ഏജൻസിക്ക് 06.01.22 മുതൽ മൂന്നുവർഷത്തേക്ക് അക്രഡിറ്റേഷൻ ഉള്ളത്. ലൈഫ് ഭവന പദ്ധതിയിൽ ഭവന സമുച്ചയം ടെണ്ടറിലൂടെ ഏല്പിക്കാൻ അനുമതിയുണ്ടെങ്കിലും വ്യക്തിഗത ഭവനങ്ങൾ ഇപ്രകാരം ഏജൻസികളെ ഏല്പിക്കാൻ അനുമതി ഇല്ല എന്നും യോഗം വിലയിരുത്തി.

ഇത് പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണമെന്ന് 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ച പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട് :-** ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട 31.07.2017 ലെ 151/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈഫ് പദ്ധതി വ്യക്തിഗത ഭവന നിർമ്മാണം സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു വാർഡിലേയോ/ ഒരു തദ്ദേശസ്വയം ഭരണസ്ഥാപനത്തിലേയോ ഏറ്റവും ദരിദ്രരായ ഭവനരഹിതർക്ക്, അവർക്ക് മാത്രമായി ഭവനം നിർമ്മിക്കാൻ കഴിയുന്നില്ലായെങ്കിൽ ഭവന നിർമ്മാണം, പൂർണ്ണമായി ലാഭേച്ഛയില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന സംഘടനാ / സ്ഥാപനങ്ങൾ എന്നിവരെ ഏൽപ്പിക്കാവുന്നതാണ്. അത്തരക്കാരെ കണ്ടെത്തി അവരെ ഏൽപ്പിക്കുന്നതിന്റെ പൂർണ്ണ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള സ്ഥാപനത്തിന്റെ യോഗ്യതയേയും വിശ്വാസ്യതയേയും സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സംശയമില്ലാത്ത പക്ഷം ബന്ധപ്പെട്ട ഗുണഭോക്താവിന് നൽകേണ്ട തുക തദ്ദേശസ്വംയഭരണ സ്ഥാപനത്തിന് പ്രസ്തുത സ്ഥാപനത്തിന് കൈമാറാവുന്നതാണ്. ആയതിന് ബന്ധപ്പെട്ട ഗുണഭോക്താവിന്റെ സമ്മതം തദ്ദേശസ്വയംഭരണ സ്ഥാപനം നേടിയിരിക്കേണ്ടതാണ്. ആവശ്യമാകുന്ന പക്ഷം ധനസഹായത്തിന്റെ 50% തുക മുൻകൂറായി ഇത്തരത്തിലുള്ള നിർവ്വഹണ ഏജൻസിക്ക് നൽകാവുന്നതും, ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനം കരാർ ഉണ്ടാക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർമാരുടെ മേൽനോട്ടം നിർമ്മാണഘട്ടത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

കൂടാതെ ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് 16.03.2018 ലെ സർക്കാർ പുറപ്പെടുവിച്ച 34/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം (ഖണ്ഡിക 9) നേരിട്ടുള്ള നിർമ്മാണവും ഏജൻസി മുഖേനയുള്ള നിർവ്വഹണ രീതിയും അവലംബിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

ഇതനുസരിച്ച് നേരിട്ട് ഭവനനിർമ്മാണം നടത്തുവാൻ കഴിയാത്തവർക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികൾ/ കരാറുകാർ എന്നിവർ മുഖേന, ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഭവനനിർമ്മാണം നടത്താവുന്നതാണ്. ഇതിലേക്കായി കുടുംബശ്രീ മുഖേന വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കിയ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ, സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ, പട്ടിക വർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എന്നിവരെ അംഗീകൃത ഏജൻസിയായി പരിഗണിച്ച് ഇത്തരം

വീടുകളുടെ ഭവന നിർമ്മാണ ചുമതല നൽകാവുന്നതാണെന്നും ഇതിനായി സി.പി. ഒഴിവാക്കി ഡി.എ സ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഏജൻസി മുഖേന ചെയ്യുമ്പോൾ ഗുണഭോക്താവും ഏജൻസിയും / കരാറുകാരനും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുത്തേണ്ടതും തുക കരാറുകാരന് 4 ഘട്ടങ്ങളായി നൽകാവുന്നതുമാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനായി കണ്ടെത്തിയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന സ്ഥാപനം മുകളിൽ പറഞ്ഞ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുള്ള തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണോയെന്നും ഈ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട് എന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

**നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**(തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് )<u>2.3 ഖണ്ഡിക 4.31</u>**

**<u>2.3 ഖണ്ഡിക 4.31</u>**

**<u>പഞ്ചായത്ത് ഡയറക്ടർ</u>**

**പഞ്ചായത്ത് ഡയറക്ടറുടെ 10.08.2022 ലെ PAN /23922/18/J2/DD നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയും**

താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ വിവിധ ഭവന നിർമ്മാണ പദ്ധതിയിൽ ലഭിച്ചിട്ടുള്ളതിൽ 6,80,40,988/- രൂപ വിവിധ ബാങ്കുകളിലായി ചെലവഴിക്കാതെ കിടപ്പുണ്ട്. ഇ.എം.എസ് ഭവനപദ്ധതി, എം.എൻ ലക്ഷം വീട് പദ്ധതി, പി.എം.എ.വൈ, ജനകീയ ഭവനപദ്ധതി, സംസ്ഥാന സർക്കാർ പ്രത്യേകമായി നൽകിയ ഭവന നിർമ്മാണ ധനസഹായം എന്നിവയിൽ ചെലവഴിക്കാതെ കിടക്കുന്നതാണ് ഈ വിഹിതം. ഓരോ ഗ്രാമപഞ്ചായത്തിലും ഇപ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയടക്കമുള്ള ലിസ്റ്റ് 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ നൽകിയിരുന്നു. ഈ തുക ലൈഫ് ഭവനപദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പഞ്ചായത്ത് ഡയറക്ടർ നൽകിയ 43 തദ്ദേശഭരണസ്ഥാപനങ്ങളുടെ ലിസ്റ്റിൽ വട്ടവടഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു. ഇത് സംബന്ധിച്ച ഉത്തരവ്.

**3)** വട്ടവട ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പ് നൽകിയ 2.24 കോടി രൂപ ചെലവഴിക്കാതെയുണ്ട്. ആകെ 3.24 കോടി രൂപയാണ് വീട് നിർമ്മാണത്തിന് പട്ടികജാതി വികസന വകുപ്പ് നൽകിയതെന്നും ഇതിൽ 1.00 കോടി രൂപ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിനു കൈമാറിയിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥയടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ

പഞ്ചായത്ത് ഡയറക്ടറെ 21.08.2022 കോഓർഡിനേഷൻ കമ്മിറ്റിയോഗം ചുമതലപ്പെടുത്തിയ പ്രകാരം മറുപടി ലഭിച്ചിട്ടുണ്ട്.

**റിപ്പോർട്ട്:**– ഈ വിഷയം ചർച്ച ചെയ്യാൻ 20.10.2022 ന് ഇടുക്കി ജില്ലാകളക്ടർ യോഗം വിളിച്ചിട്ടുണ്ട്. ഇതിനുശേഷം റിപ്പോർട്ട് നൽകും.

**നടപടി:– 1) പഞ്ചായത്ത് ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**2.3 ഖണ്ഡിക 4.33**

**കേരളസംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ**

**കേരള സംസ്ഥാനകളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ചെയർമാന്റെ 04.08.2022, 06.08.22 എന്നീ തീയതികളിലെ KSP/CM/01/21–ാം നമ്പർ കത്തുകൾ (SRG 747/22).**

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ഇൻഡ്യൻ കമ്പനി ആക്ട് 2013– അനുസരിച്ച് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമാണ്. പരമ്പരാഗത ചെറുകിട കളിമൺ പാത്ര നിർമ്മാതാക്കളിൽ നിന്ന് ഗുണമേന്മയും ന്യായവിലയും ഉറപ്പാക്കി കളിമൺ ഉല്പന്നങ്ങൾ കോർപ്പറേഷൻ മുഖാന്തിരം വിൽക്കുന്നുണ്ട്. മൺകല കമ്പോസ്റ്റ്, മുച്ചട്ടി കമ്പോസ്റ്റ് എന്നിവയ്ക്കുവേണ്ടിയുള്ള മൺപാത്രങ്ങൾ, കുടിവെള്ളത്തിനു വേണ്ട പാത്രം, ചെടിച്ചട്ടികൾ എന്നിവ കോർപ്പറേഷൻ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കളിമൺ ഉല്പന്നങ്ങൾ കോർപ്പറേഷനിൽ നിന്നു വാങ്ങണമെന്ന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്. ഒപ്പം ഇവ ക്വട്ടേഷൻ / ടെണ്ടർ നടപടി ഒഴിവാക്കി വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും സംബന്ധിച്ച്.

**തീരുമാനം:–** കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷനിൽ നിന്ന് ഇത്തരം ഉല്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകുന്നു. ഇതു സംബന്ധിച്ച ഉത്തരവ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**2.3 ഖണ്ഡിക 4.40**

**മൂന്നാർ ഗ്രാമപഞ്ചായത്ത്**

**മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2022 ലെ കത്തും, (ഡി.എ1/67/2022/LSGD) (SRG 742/22, 797/22).**

മാർഗ്ഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (കോളേജ് / പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക്), മേശയും കസേരയും, പെൺകുട്ടികളുടെ വിവാഹത്തിനു ധനസഹായം എന്നിവ നൽകാം. ഇത് തോട്ടം മേഖലയിലെ പൊതുവിഭാഗത്തിനും ബാധകമാകണമെന്നാവശ്യം സംബന്ധിച്ച്.

**തീരുമാനം :–** എസ്റ്റേറ്റ് പ്രദേശത്ത് ലയങ്ങളിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രം മാർഗ്ഗരേഖയിലെ മറ്റു

നിബന്ധനകൾക്ക് വിധേയമായി ലാപ് ടോപ് നൽകാൻ അനുമതി നൽകുന്നു. ഇതു സംബന്ധിച്ച ഉത്തരവ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**<u>2.3 ഖണ്ഡിക 4.65</u>**

**<u>സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി</u>**

**വയനാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.05.2022 ലെ കത്തും സുൽത്താൻ ബത്തേരി നഗരസഭാ സെക്രട്ടറിയുടെ 11.5.22 - ലെ PH1-5875/2021-ാം നമ്പർ കത്തും (SRG 593/22 - CC/352/22)**

| | | |
|---|---|---|
| ***പ്രോ.നം: 290/21*** | ***അടങ്കൽ*** | ***6,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | *കൊവിഡ് പ്രതിരോധം - പി.എച്ച്.സി സെന്ററിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും* | |

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് പി.എച്ച്.സിയിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും എന്ന പ്രോജക്ടിൽ നിന്നു 250 പൾസ് ഓക്സീമീറ്റർ വാങ്ങി. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥസ്ഥൻ മെഡിക്കൽ ഓഫീസറാണ്. കൊവിഡ് രണ്ടാം ഘട്ടത്തിൽ ഡി.സി.സി, ഹോം ക്വാറന്റൈൻ എന്നിവ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇത് വാങ്ങിയത്. കൊവിഡ് സാഹചര്യമായതിനാൽ ടെണ്ടർ ഒഴിവാക്കി ആർട്ടിസാൻ ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് (**ARTCO)** മുഖേനയാണ് വാങ്ങിയത്. എന്നാൽ പൾസ് ഓക്സീമീറ്റർ ടെണ്ടർ കൂടാതെ **ARTCO** മുഖേന വാങ്ങാവുന്നതല്ല. അതിനാൽ ഇതിന്റെ വിലയായ 5,04,000 രൂപ ഇതുവരെ നൽകിയില്ല. **ARTCO** വഴി ഇതു വാങ്ങിയതിന് സാധൂകരണം നൽകി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്റെ വില, ഗുണനിലവാരം, ഇപ്പോൾ എവിടെയാണ് പൾസ് ഓക്സീമീറ്റർ സൂക്ഷിച്ചിരിക്കുന്നത്, ഏതു സാഹചര്യത്തിലാണ് **ARTCO** യിൽ നിന്ന് ഇത് വാങ്ങിയത് എന്നിവയടക്കം പരിശോധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി:- 1) ഡയറക്ടർ, ആരോഗ്യവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**<u>2.3 ഖണ്ഡിക 4.66</u>**

**<u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ കളക്ടറുടെ 31.05.2022 ലെ 82898/22/DPC/DPO/KTM നമ്പർ കത്തും IRTC ഡയറക്ടറുടെ 28.05.2022 ലെ കത്തും 27.07.2015- ലെ 2303/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും (SRG 679/22)**

കോട്ടയം ജില്ലയുടെ മലയോര പ്രദേശത്തെ 19 ഗ്രാമപഞ്ചായത്തുകളിൽ ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ ഏജൻസിയായി സംയുക്തമായാണ് പ്രോജക്ട നടപ്പാക്കുന്നത്. വകയിരുത്തൽ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് (19) | 20,90,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് (5) | 12,70,000 രൂപ |
| ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 2,50,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 10,00,000 രൂപ |
| **ആകെ** | **46,10,000 രൂപ** |

ഇരുപത് ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാ പഞ്ചായത്തിൽ സ്ഥാപിക്കുന്ന സെർവർ വഴി ക്രോഡീകരിച്ച് ദുരന്ത നിവാരണ അതോറ്റിക്കും, തദ്ദേശഭരണസ്ഥാപനങ്ങൾക്കും, ജനങ്ങൾക്കും തത്സമയം അറിയുവാൻ സാധിക്കുന്ന ഒരു നെറ്റ് വർക്ക് സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് പാലക്കാട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (**IRTC**) എന്ന സ്ഥാപനം വഴിയാണ് നടപ്പാക്കുന്നത്. ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഡേറ്റ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനുമുള്ള സാങ്കേതിക വൈദഗ്ധ്യവും ശേഷിയും ഉണ്ടെന്നും 'നീർത്തട വികസന' - ത്തിന് സർക്കാർ അക്രഡിറ്റേഷൻ ഉണ്ടെന്നും **IRTC** ജില്ലാ ആസൂത്രണ സമിതിയെ അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് **IRTC** മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിക്കേണ്ട സ്ഥലം നിർണ്ണയിക്കേണ്ടത് **Kerala State Disaster Management Authority** യുടെ കൂടി അഭിപ്രായമാരാഞ്ഞാണ്. വെതർസ്റ്റേഷനിൽ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ മെയിന്റനൻസ്, ഒപ്പം വെതർസ്റ്റേഷന്റെ ദൈനംദിന പരിപാലനം എങ്ങനെയാണ് എന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമല്ല. ഈ സാഹചര്യത്തിൽ **KSDMA** മെമ്പർ സെക്രട്ടറിയുടെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് തീരുമാനമെടുക്കാൻ തീരുമാനിച്ചു. നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കണം, **Indian Metrological Department**ന് ശേഖരിക്കുന്ന വിവരങ്ങൾ എങ്ങനെ കൈമാറും എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **KSDMA** യെ ചുമതലപ്പെടുത്തി.

**നടപടി:- 1) മെമ്പർ സെക്രട്ടറി, KSDMA**
**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.3 ഖണ്ഡിക 4.72**

**പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത്**

**ആല്പപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.07.2022 ലെ കത്തും ശുചിത്വമിഷൻ ആലപ്പുഴ ജില്ലാ കോഓർഡിനേറ്ററുടെ 10.06.2022 ലെ** DS (SM)66/19/1-ാം **നമ്പർ കത്തും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 ലെ 1(9)-ാം നമ്പർ തീരുമാനവും അനുബന്ധമായി ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും (SRG 668/22- CC /372/22).**

ഖര-ദ്രവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന 5 പ്രോജക്ടുകൾ 2021-22 വർഷം പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ഇതിൽ 4 പ്രോജക്ടുകളിലായി 100 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. 2864 ബയോബിന്നുകളും വിതരണം ചെയ്തു. ഈ പ്രവൃത്തി ബിഡ്ഡിംഗ് കൂടാതെ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ **(IRTC)**

പാലക്കാടിനെയാണ് ഏല്പിച്ചത്. ബിഡ്ഡിംഗ് കൂടാതെ **IRTC** – യെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത നടപടിക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

| **ക്രമ നം** | **പ്രോജക്റ്റ് നം** | **പ്രോജക്റ്റിന്റെ പേര്** | **വികസന ഫണ്ട് ജനറൽ രൂപ** | **തനത് ഫണ്ട്** | **ഗുണഭോക്തൃ വിഹിതം രൂപ** | **ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റ്റൈഡ് ) രൂപ** | **ആകെ രൂപ** |
|---|---|---|---|---|---|---|---|
| 1 | 38/22 | ബയോഗ്യാസ് പ്ലാന്റ് 0.5**M3** | 96,880 | 3,920 | 46,200 | 0 | 1,47,000 |
| 2 | 126/22 | ബയോഗ്യാസ് പ്ലാന്റ് 0.5**M3** | 0 | 0 | 59,400 | 1,29,600 | 1,89,000 |
| 3 | 121/22 | ബയോഗ്യാസ് പ്ലാന്റ് 0.75**M3** | 1,51,200 | 0 | 1,00,800 | 0 | 2,52,000 |
| 4 | 118/22 | ബയോഗ്യാസ് പ്ലാന്റ് 1**M3** | 3,38,400 | 0 | 2,96,100 | 0 | 6,34,500 |
| 5 | 113/22 | ബയോബിൻ | 0 | 1440 | 5,15,520 | 46,38,240 | 51,55,200 |
| | | **ആകെ** | **5,86,480** | **5,360** | **10,18,020** | **47,67,840** | **63,77,700** |

നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന സമയത്ത് IRTC അല്ലാതെ മറ്റ് അക്രഡിറ്റഡ് ഏജൻസി ഉണ്ടായിരുന്നോ എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>**റിപ്പോർട്ട്:**</u>– IRTC യുമായി എഗ്രിമെന്റ് വച്ചത് 2021 ഡിസംബർ 23, 24, 29 തീയതികളിലായാണ്. ഈ സമയത്ത് IRTC ക്കും റെയ്ഡ്കോയ്ക്കും ഖരമാലിന്യ സംസ്കരണ മേഖലയിൽ അക്രഡിറ്റേഷൻ ഉണ്ടായിരുന്നു. പ്രത്യേക പരിഗണന നൽകി സാധൂകരണം നൽകാവുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

**നടപടി:– 1)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**
**2)ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**

<u>**2.3 ഖണ്ഡിക 4.73**</u>

<u>**മലപ്പുറം ജില്ലാ പഞ്ചായത്ത്**</u>

**ബഹു.രാജ്യസഭ എം.പി. ശ്രീ അബ്ദുൾ വഹാബിന്റെ 18.08.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2022 ലെ DP/MPM/20/2022–ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.08.2022 ലെ 1(11)–ാം നമ്പർ തീരുമാനവും (SRG 798/22).**

| | | |
|---|---|---|
| ***പ്രോ.നം: 831/23*** | ***അടങ്കൽ*** | ***99,00,000 രൂപ*** <br> *(മറ്റ് വിഭാഗം ഫണ്ട്)* |
| ***പേര്*** | *നിലമ്പൂർ ബഡ്സ് സ്കൂളിന്റെ ഹോസ്റ്റലിന് പുതിയ കെട്ടിട നിർമ്മാണം* | |

ഏറനാട് ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ നിലമ്പൂർ നഗരസഭാ പ്രദേശത്ത് "സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡ്" എന്ന പേരിൽ ഒരു ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. 2005 ൽ ഇതിന് സർക്കാരിൽ നിന്ന് എയ്ഡഡ് പദവി ലഭിച്ചിട്ടുണ്ട്. 102 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ

സ്ഥാപനത്തിലെ 50 കുട്ടികൾ ട്രസ്റ്റ് വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിലാണ് താമസിക്കുന്നത്. ഈ സ്കൂളിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. ഇതു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022 ലെ യോഗ തീരുമാന പ്രകാരം ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നേരിട്ട് ഫയൽ നൽകി അഭിപ്രായം ആരാഞ്ഞ പ്രകാരം ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- നിർദ്ദേശിക്കപ്പെട്ട കെട്ടിടം നിലമ്പൂർ മുനിസിപ്പൽ പ്രദേശത്താണ്. മുനിസിപ്പാലിറ്റി പ്രദേശത്ത് ജില്ലാ പഞ്ചായത്തുകൾക്ക് ചുമതല ഒന്നും തന്നെ ഇല്ല. കൂടാതെ മുകളിൽ പറഞ്ഞ സ്ഥാപനം എയ്ഡഡ് സ്കൂളാണ്. ഇതിന്റെ ഉടമസ്ഥതാവകാശം സ്കൂൾ മാനേജർക്കാണ്. അതിനാൽ തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതം ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നത് ശരിയായ രീതിയല്ല.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ധനവകുപ്പ്**

## 3. പൊതുവിഷയം

1) പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി– ധനസഹായ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകാനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് 75000 രൂപ നിരക്കിൽ ധനസഹായം നൽകാം. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകാവുന്നത് 1,00,000 രൂപയാണ്. മാർഗ്ഗരേഖ തയ്യാറാക്കിയപ്പോൾ പട്ടികജാതി വകുപ്പ് നൽകികൊണ്ടിരുന്ന ധനസഹായ തുക 75,000 രൂപയായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 30.08.2022 ലെ 43/2022/പജപവവിവ–നമ്പർ ഉത്തരവു പ്രകാരം പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ നിരക്ക് 1.25 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വകുപ്പ് നൽകുന്ന ധനസഹായവും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ധനസഹായവും ഏകീകരിക്കണമെന്നതാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതി മുതൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്.

2) (i) മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷത്തെ പദ്ധതി ചെലവ് കുറവാണ്. പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവും ആക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കാവുന്നതാണ്. ഫെബ്രുവരി അവസാനത്തോടെ പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തിയാക്കി മാർച്ച് ആദ്യവാരം തന്നെ ബില്ലുകൾ ട്രഷറിക്കു സമർപ്പിക്കുന്ന രീതിയിലേയ്ക്ക് പ്രോജക്ടുകളുടെ നിർവ്വഹണം ചിട്ടപ്പെടുത്തണം. ഇതിനായി ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ പദ്ധതി നിർവ്വഹണം അവലോകനം ചെയ്യണം. ജില്ലാതല അവലോകനത്തിനു പകരം ബ്ലോക്കു തലത്തിലും മുനിസിപ്പൽ തലത്തിലും അവലോകനം സംഘടിപ്പിക്കണമെന്ന് നിർദ്ദേശം നൽകാവുന്നതാണ്. ബ്ലോക്കുതല അവലോകനത്തിൽ ബ്ലോക്കു പഞ്ചായത്തിലെയും ബ്ലോക്കു പഞ്ചായത്തു മേഖലയിലെ ഗ്രാമപഞ്ചായത്തുകളിലെയും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരേയും പ്രസിഡന്റുമാരേയും ഉൾപ്പെടുത്തി അവലോകനം ചെയ്യുന്ന രീതിയാണ് ഫലപ്രദം. പ്രോജക്ട് നിർവ്വഹണത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തി പ്രത്യേക ഇടപെടൽ നടത്തണം. എസ്.സി.പി, റ്റി.എസ്.പി പ്രോജക്ടുകൾ പ്രത്യേകം അവലോകനം ചെയ്യണം.

(ii) അവലോകന യോഗങ്ങളിൽ കഴിവതും ജില്ലാകളക്ടർ പങ്കെടുക്കണം. പങ്കെടുക്കാൻ കഴിയില്ലാത്ത സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ പ്രതിനിധി പങ്കെടുക്കണമെന്ന് നിർദ്ദേശം നൽകാവുന്നതാണ്. ജില്ലാ പ്ലാനിംഗ് ഓഫീസർ, തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ എല്ലാ യോഗത്തിലും പങ്കെടുക്കണം. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെക്കൂടി ഉൾപ്പെടുത്തി നഗരസഭകളുടെ പദ്ധതി നിർവ്വഹണം പ്രത്യേകമായി അവലോകനം ചെയ്യണം.

(iii) പ്രോജക്ടുകളുടെ വെറ്റിംഗ്, സാങ്കേതികാനുമതി എന്നിവയുടെ പൂർത്തിയാക്കൽ നടപടി വളരെ പുറകിലാണ്. വിശദാംശം താഴെ ചേർക്കുന്നു.

## ഈ വർഷത്തെ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| | | |
|---|---|---|
| ആകെ പ്രോജക്ടുകളുടെ എണ്ണം | – | **2,32,209** |
| സാങ്കേതികാനുമതി ആവശ്യമില്ലാത്ത പ്രോജക്ടുകളുടെ എണ്ണം | – | **1,43,182** |
| ഇതുവരെ വെറ്റ ചെയ്ത പ്രോജക്ടുകളുടെ എണ്ണം | – | **1,02,008** |
| സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകളുടെ എണ്ണം | – | **89,147** |
| സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | – | **10,817** |

ഒപ്പം വ്യക്തിഗത പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്കും ബ്ലോക്ക് /ജില്ലാ പഞ്ചായത്തിനും കൈമാറുന്ന നടപടിക്രമം പൂർത്തിയാക്കാത്ത സാഹചര്യവും ഉണ്ട്. ഇതും പ്രത്യേകം പരിശോധിക്കുകയും ആശ്യമായ ഇടപെടൽ ജില്ലാ ആസൂത്രണ സമിതി തലത്തിൽ നടത്തുകയും വേണം.

(iv) വെറ്റിംഗ് ഓഫീസർമാരുടെ യോഗം ജില്ലാ കളക്ടർ പ്രത്യേകമായി വിളിച്ച് വെറ്റിംഗ് നടപടി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്. വെറ്റിംഗിനു അയയ്ക്കുന്ന പ്രോജക്ടുകൾ പരമാവധി 2 ദിവസത്തിനകം പൂർത്തിയാക്കി തിരികെ നൽകണമെന്നും സാങ്കേതിക അനുമതി 4 ദിവസത്തിനകം പൂർത്തിയാക്കണമെന്നും നിർദ്ദേശം നൽകാവുന്നതാണ്.

(v) നിർമ്മാണ പ്രോജക്ടുകളുടെ വെറ്റിംഗ്, സാങ്കേതിക അനുമതി, ടെണ്ടറിംഗ്, നിർവ്വഹണം ആരംഭിക്കൽ എന്നിവ കാലതാമസം കൂടാതെ നടപ്പാക്കുന്നതിനായി പ്രത്യേക ഇടപെടൽ നടത്താൻ തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ജില്ലാതലത്തിൽ ചുമതലപെടുത്താവുന്നതാണ്. സംസ്ഥാന തലത്തിൽ ഇതു പ്രത്യേകമായി അവലോകനം ചെയ്യണമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിക്കാവുന്നതാണ്.

(vi) ബ്ലോക്ക് /മുനിസിപ്പൽ തല അവലോകനങ്ങളുടെ ചുമതല അതതു പ്രദേശത്തെ ജില്ലാ ആസൂത്രണ സമിതി അംഗത്തിന് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അവലോകന യോഗങ്ങളിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾ ജില്ലാതലത്തിൽ പരിഹരിക്കേണ്ടവ ജില്ലാ ആസൂത്രണ സമതി / ജില്ലാ കളക്ടർ ഇടപെട്ടു പരിഹരിക്കണമെന്നും സർക്കാർ ഇടപെടേണ്ടവ കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകണമെന്നും നിർദ്ദേശിക്കാവുന്നതാണ്. സർക്കാർ ഇടപെടേണ്ട വിഷയങ്ങൾ ക്രോഡീകരിച്ചു നൽകാൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ ചുമതലപ്പെടുത്താവുന്നതാണ്.

3) ധനവകുപ്പിന്റെ 3.10.2022 ലെ ഉത്തരവു പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഈ വർഷം ലഭ്യമാകുന്ന വികസന ഫണ്ട് സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്കും മാറ്റം വരുത്തേണ്ടതുണ്ട്. കൂടാതെ അതിദരിദ്ര വിഭാഗത്തിൽപ്പെടുന്നവർക്കുള്ള മൈക്രോ പ്ലാൻ, എ.ബി.സി പദ്ധതി നടപ്പാക്കാനായി തയ്യാറാക്കിയ സ്പെഷ്യൽ പ്രോജക്ട് തുടങ്ങിയവ വാർഷിക

പദ്ധതിയിൽ ഉൾപ്പെടുത്തണം. ഇപ്പോൾ തയ്യാറാക്കിയ ചില പ്രോജക്ടുകൾ മറ്റു പദ്ധതിയിൽ (ഉദാ. MPLAD, MLASDF) ഉൾപ്പെടുത്തിയിട്ടുണ്ടാകാം. ഇവ വാർഷിക പദ്ധതിയിൽ നിന്നൊഴിവാക്കണം. ടെണ്ടർ സേവിംഗ്സിലൂടെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മിച്ചം വന്ന തുക, എസ്.സി.പി/റ്റി.എസ്.പി പദ്ധതിയിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ വന്നതിനാൽ ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകളിൽ നിന്നു ലഭിക്കുന്ന തുക തുടങ്ങിയവ ഉൾപ്പെടുത്തി പുതിയ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. കൂടാതെ പ്രാദേശിക സാമ്പത്തിക വികസനം, നൈപുണി വികസനം, തൊഴിൽസഭ തുടങ്ങിയവയുള്ള പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരം കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് ഒക്ടോബർ 15 മുതൽ 30 സമയം നൽകാവുന്നതാണ്.

4) കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് 2023-24 വാർഷിക പദ്ധതി രൂപീകരണ നടപടിക്രമങ്ങളുടെ സമയക്രമം നിശ്ചയിച്ച് ഇതനുസരിച്ച് നടപടികൾ സ്വീകരിച്ച് 31.01.2023 നകം ത്രിതല പഞ്ചായത്തുകളുടെ അന്തിമ വാർഷിക പദ്ധതി eGSP- യിൽ അപ് ലോഡ് ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ സെപ്റ്റംബർ മാസത്തിൽ തുടങ്ങേണ്ടിയിരുന്നതാണ്.

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതികൾ eGSP യിലാണ് അപ് ലോഡ് ചെയ്യേണ്ടത്. GPDP പോർട്ടലിൽ സമയബന്ധിതമായി വിവരങ്ങൾ രേഖപ്പെടുത്താതെ വന്നാൽ ആയത് eGSP വഴിയുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗത്തെയും ബാധിക്കും. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ 2023-24 വാർഷിക പദ്ധതിയിലെ കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപപദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ, സമയക്രമം എന്നിവ താമസംകൂടാതെ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്തു ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനവും സമയക്രമവും താഴെ ചേർക്കുന്നു.

| S.No | Activity | Date |
|---|---|---|
| 1 | Activation of all monitoring platforms like GPDP portal etc | 10th September |
| 2 | Appointment of Nodal Officers (State, District & Block level) | 12th September |
| 3 | Preparation of training modules for facilitator and stakeholders | 10th September |
| 4 | Appointment of facilitators for every Grama Panchayat | 12th September |
| 5 | Roll out of training modules for facilitators and all stake holders | 18th September |
| 6 | Introductory workshop of related stakeholders and SNOs on PPC 2021 | 19th September |
| 7 | Finalization of Schedule of Gram Sabha meeting | 25th September |
| 8 | Uploading of Grama Sabha wise calendar | 27th September |

| | | |
|---|---|---|
| 9 | Display of Public information Board in every GP | 28th September |
| 10 | Workshop on Sector wise data analysis based on MA data for preparation of better convergent and comprehensive GPDP by NIRDPR | 30th September |
| 11 | Five regional workshops on preparation of GPDP for social transformation and economic development | 31st December |
| 12 | Uploading of approved DPDP, BPDP & GPDP on eGram Swaraj application | 31st January 2023 |

സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ പ്രകാരമുള്ള സമയക്രമം താഴെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും നവംബർ- 1 ന് ആസൂത്രണ നടപടിക്രമങ്ങൾ ആരംഭിച്ച് ജനവരി 15 നകം വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്ന രീതിയിലാണ് പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ബ്ലോക്കു/ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണ പ്രക്രിയ ഡിസംബർ 31 ന് ആരംഭിച്ച് ജനുവരി 23 ന് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം. കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പദ്ധതി അന്തിമമാക്കേണ്ടത് ജനുവരിയിലാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ പൊതു പദ്ധതിയും ജനുവരിയിൽ അന്തിമമാക്കുന്ന രീതിയിലാണ് സംസ്ഥാനത്തും സമയക്രമം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | പ്രവർത്തനം | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|
| 1 | ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ | നവംബർ 1 |
| 2 | അവസ്ഥാരേഖ പരിഷ്കരിക്കൽ | നവംബർ 15 |
| 3 | ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് ഡി.പി.സി തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | നവംബർ 15 |
| 4 | നഗരസഞ്ചയ പ്രദേശത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയെയും ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ജില്ലാതല കർമ്മ പദ്ധതിയേയും അടിസ്ഥാനമാക്കി ഡി.പി.സി തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ | നവംബർ 15 |
| 5 | സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂ പ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം | നവംബർ 18 |
| 6 | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | നവംബർ 23 |
| 7 | ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾക്ക് രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം | നവംബർ 26 |

| | | |
|---|---|---|
| 8 | സംയുക്ത പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ച ചേർക്കുന്ന യോഗം | നവംബർ 28 |
| 9 | ഗ്രാമസഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | ഡിസംബർ 2 |
| 10 | ഗ്രാമസഭാ യോഗങ്ങൾ | ഡിസംബർ 3–15 |
| 11 | ഗ്രാമ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | ഡിസംബർ 18 |
| 12 | ഗ്രാമപഞ്ചായത്തുകളുടെ വികസന സെമിനാർ | ഡിസംബർ 20 |
| 13 | ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയ്ക്ക് അന്തിമ രൂപം നൽകൽ | ഡിസംബർ 31 |
| 14 | ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾ തയ്യാറാക്കൽ | ജനുവരി 5 |
| 15 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയ്ക്ക് ഭരണസമിതിയുടെ അംഗീകാരം | ജനുവരി 7 |
| 16 | ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം | ജനുവരി 15 |
| 17 | ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | ജനുവരി 22 |

**4. പ്രത്യേക വിഷയം**

**====================**

**4.1 <u>ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്</u>**
**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2022 ലെ കത്ത് (SRG 725/22 - CC/217/2022).**

**വിഷയം:-** ലൈഫ് പദ്ധതി പ്രകാരം വീടു നൽകൽ.

ലൈഫ് ഭവന പദ്ധതിയുടെ ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ശ്രീ.പുരുഷൻ, ചാലുങ്കൽ, വാർഡ് 14, ശ്രീ.ദേവദാസ്, മുല്ലശ്ശേരിൽ, വാർഡ് 13 എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ 2010-11 വർഷം ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെയാണ് വീടു നിർമ്മിച്ചത്. ഇപ്പോൾ ഇവരുടെ വീടു വാസയോഗ്യമല്ലായെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. മുമ്പ് ഇവർക്ക് വീടു നിർമ്മാണത്തിന് സഹായം നൽകിയിട്ടുണ്ട്. 12 വർഷം കഴിയാത്തതിനാൽ ലൈഫ് പദ്ധതി പ്രകാരമുള്ള ധനസഹായം നൽകാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**4.2 <u>കുളക്കട ഗ്രാമപഞ്ചായത്ത്</u>**

**കുളക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.09.2022 ലെ** K3-457/22- **ലെ കത്തും കുളക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.08.2022 ലെ 2(9)-ാം നമ്പർ തീരുമാനവും (SRG 1037/22).**

**വിഷയം:-** ലൈഫ് മിഷൻ ലിസ്റ്റിലെ അപാകത പരിഹരിക്കുന്നതു സംബന്ധിച്ച്.

കുളക്കട ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ താഴെ പറയുന്നവർ ഉൾപ്പെട്ടിരുന്നു. ഇവരുടെ വിവരങ്ങൾ എം.ഐ.എസ്. പ്രകാരം

എലിജിബിൾ ആയി രേഖപ്പെടുത്തിയിരുന്നു. ഇപ്പോൾ ഇവർ യോഗ്യത ഉള്ളവരുടെ ലിസ്റ്റിലോ യോഗ്യതയില്ലാത്തവരുടെ ലിസ്റ്റിലോ ഇല്ല. ഈ സാഹചര്യത്തിൽ അപാകത പരിഹരിച്ച് ഇവർക്ക് വീടുനിർമ്മിച്ച് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**<u>ഗുണഭോക്താക്കളുടെ പേര്</u>**

1) ശ്രീമതി തങ്കമണി, കാറ്റഗറി – ജനറൽ, ലൈഫ് ID – LF 0771486/2/321/12
2) ശ്രീമതി ഷേർളി ബാബു – കാറ്റഗറി – ജനറൽ – ലൈഫ് ID –LF 0231468/2/3211/03
3) ശ്രീ. രാമചന്ദ്രൻ – കാറ്റഗി –ജനറൽ – ലൈഫ് ID –LF 1648874/2/321/12
4) ശ്രീമതി ഗിരിജ – കാറ്റഗറി – ജനറൽ – ലൈഫ് ID LF/1571931/2/321/8

**4.3 <u>കാവാലം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2022 ലെ കത്ത് (SRG 718/22 – CC/622/2021).**

**വിഷയം:** ലൈഫ് ഭവന പദ്ധതി – ഭാഗികമായി പ്രളയ ധനസഹായം ലഭിച്ചവർക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 19/22* | ***അടങ്കൽ*** | ***48,26,000 രൂപ*** |
| | *വികസന ഫണ്ട് ജനറൽ* | ***23,26,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | ***10,00,000 രൂപ*** |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | ***10,00,000 രൂപ*** |
| | *സംസ്ഥാന വിഹിതം* | ***5,00,000 രൂപ*** |
| ***പേര്*** | ***ലൈഫ് ഭവന നിർമ്മാണ പദ്ധതി ജനറൽ*** | |

ഗ്രാമപഞ്ചായത്തിലെ 9 ഗുണഭോക്താക്കൾ പട്ടികജാതി/ പട്ടികവർഗ്ഗ / ഫിഷറീസ് ലൈഫ് ഭവന പദ്ധതിയിലെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. ഇതിൽ ഒന്നു വീതം എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരും 7 പേർ മത്സ്യതൊഴിലാളി കുടുംബത്തിൽപ്പെട്ടവരുമാണ്. ഇവർക്ക് ഭാഗികമായി പ്രളയ ദുരിതാശ്വാസ പദ്ധതിയിൽ **(CMDRF, SDRF)** ൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021, 14.09.2021 തീയതികളിലെ തീരുമാനപ്രകാരം ലൈഫ് ഭവനപദ്ധതി പ്രകാരം ധനസഹായം നൽകുന്നതിൽ നിയന്ത്രണമുണ്ട്. ഇവർക്ക് പ്രളയ ദുരിതാശ്വാസ പദ്ധതി പ്രകാരം ലഭിച്ച തുകയും, കാവാലം ഗ്രാമപഞ്ചായത്ത് നൽകിയ തുകയും വീടിന്റെ ഇപ്പോഴത്തെ അവസ്ഥയും താഴെ ചേർക്കുന്നു. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനു ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പേര് | CMRDF, SDRF-ൽ നിന്നും ലഭിച്ച തുക | ലൈഫിൽ നിന്നു നൽകിയ തുക | നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|
| 1 | ശ്രീമതി തങ്കമ്മ, കാപ്പിൽച്ചിറ (എസ്.സി) | 2,50,000 രൂപ | 2,00,000 | വീട്ട നിർമ്മാണം പൂർത്തിയായി |
| 2 | ശ്രീമതി. പ്രീത, 15ൽ ചിറ (എസ്.റ്റി) | 10,000 രൂപ | 40,000 | വീടിന്റെ അടിത്തറ നിർമ്മാണം തുടങ്ങി |
| 3 | ശ്രീ. തങ്കച്ചൻ, 20-ൽ ചിറ | 60,000 രൂപ | 40,000 | മേൽക്കൂര വരെ പൂർത്തിയാക്കി |
| 4 | ശ്രീമതി. രമണി, 15-ൽ ചിറ | 60,000 രൂപ | 40,000 | അടിത്തറ പൂർത്തിയാക്കി |
| 5 | ശ്രീമതി ശോഭനകുമാരി ബിന്ദുകൃഷ്ണൻ, അമ്പാട്ട് | 1,25,000 രൂപ | 40,000 | അടിത്തറ പൂർത്തിയാക്കി |
| 6 | ശ്രീ.സുനി ശശികുമാർ, കൊച്ചു പറമ്പ് | 60,000 രൂപ | 40,000 | മേൽക്കൂര വരെ പൂർത്തയാക്കി |
| 7 | ശ്രീ. സുദർശനൻ, കണ്ടുകുടി | 10,000 രൂപ | 40,000 | അടിത്തറ പൂർത്തിയാക്കി |

**4.4 <u>കോടിക്കുളം ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2022 ലെ കത്തും കോടിക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.07.2022 ലെ തീരുമാനവും തീറാധാരത്തിന്റെ പകർപ്പും (SRG 898/22 - CC/424/2022).**

**വിഷയം:-** ലൈഫ് ഭവന പദ്ധതി - വീട്ട നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 61/23*** | ***അടങ്കൽ*** | ***38,00,000 രൂപ*** |
| | *വികസന ഫണ്ട് സി.എഫ്.സി ബെയിസിക് ഗ്രാന്റ്* | ***6,00,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | ***2,00,000 രൂപ*** |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | ***30,00,000 രൂപ*** |
| ***പേര്*** | ***ലൈഫ് - ഭൂരഹിത-ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ- ജനറൽ*** | |

ഇടുക്കി ജില്ലയടക്കം എസ്റ്റേറ്റ മേഖലയിൽ ഭവനനിർമ്മാണത്തിനുസ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 തീയതിയിലെ തീരുമാന പ്രകാരം ഗുണഭോക്താവ് ഇപ്പോൾ താമസിക്കുന്ന തദ്ദേശഭരണസ്ഥാനത്തിനു പുറത്ത് അതേ ജില്ലയിൽ എവിടെ സ്ഥലം വാങ്ങിയാലും അവർക്ക് (ഭൂമിയുടെ വിലയും വീട്ട

നിർമ്മാണത്തിന്റെ ധനസഹായവും) ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് നൽകാൻ അനുമതിയുണ്ട്. ഇടുക്കി ജില്ലയിൽ കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ശ്രീമതി ഷമീറ മുഹമ്മദ് എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങി. ഇവർ ഭൂമി വാങ്ങിയതിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.5 <u>കുമാരപുരം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2022 ലെ കത്തും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 11.10.2021 ലെ റിപ്പോർട്ടും ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10.03.2022 ലെ** A1 492/2022-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 650/22 - CC /379/22).**

**വിഷയം:** ലൈഫ് ഭവനപദ്ധതി - അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീടു നൽകുന്നത് സംബന്ധിച്ച്.

ചെന്നാട്ട കോളനിയിൽ ശ്രീ. മോഹനൻ എന്ന ആൾക്ക് 2010-11-ൽ **IAY** ഭവനപദ്ധതി പ്രകാരം വീടു നിർമ്മിക്കുന്നതിനു 90,000 രൂപ നൽകി. (90**%** തുക**)** വീട് ലിന്റൽവരെ മാത്രമേ അന്നു പണിതുള്ളൂ. ഈ നിർമ്മാണ പ്രവൃത്തികൾ ജീർണ്ണിച്ചു പോവുകയും പൊളിച്ചു മാറ്റുകയും ചെയ്തു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ.മോഹനൻ ഇപ്പോൾ ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. **(Life /4/476/93014).** ഇദ്ദേഹത്തിന്റെ കുടുംബത്തിലെ ദയനീയ സ്ഥിതി പരിഗണിച്ച് മുമ്പ് കൈപ്പറ്റിയ 90,000 രൂപ കുറവു ചെയ്ത് ബാക്കി തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.6 **<u>വിളയൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് പ്ലാനിംഗ് ഓഫീസറുടെ 30.08.2022 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.08.2022 ലെ 2(3)-ാം നമ്പർ തീരുമാനവും (SRG 946/22 - CC /505/22).**

**വിഷയം :-** ലക്ഷം വീടു കോളനിയിലെ 24 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് പ്രത്യേകം പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

വിളയൂർ ഗ്രാമപഞ്ചായത്തിലെ ഒടുപാറ ലക്ഷം വീടു കോളനിയിൽ 14 ഒറ്റവീടുകളിലും 5 ഇരട്ട വീടുകളിലുമായി താമസിക്കുന്ന 24 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകാൻ 12.02.2022 ലെ 314/22/**LSGD** നമ്പർ സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഇവർ 2020 - ലെ കരടു ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതാണ്. ലൈഫ് പദ്ധതിയ്ക്കായി മാറ്റി വച്ചിരിക്കുന്ന 20 ശതമാനം തുകയ്ക്കു പുറമെ വേണം ഇതിനുള്ള വിഹിതം കണ്ടെത്തേണ്ടതെന്നും നിർദ്ദേശിച്ചിരുന്നു. ഈ കുടുംബങ്ങൾക്ക് വീടു നിർമ്മിക്കുന്നതിനായി പ്രത്യേകമായി ഒരു പ്രോജക്ട് എടുത്ത് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു.

4.7 <u>കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്</u>

**തിരുവനന്തപുരം പ്ലാനിംഗ് ഓഫീസറുടെ 01.09.2022 ലെ കത്തും കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01/08/2022 ലെ 1(2)–ാം നമ്പർ തീരുമാനവും 18.02.2020 ലെ 417/20/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും (SRG 953/22 - CC /467/22).**

**വിഷയം:** ലക്ഷം വീടുകൾ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 50/23* | *അടങ്കൽ* | *18,00,000 രൂപ* |
| *പേര്* | *ന്യൂ ലൈഫ് ലക്ഷം വീട്ട കോളനി നവീകരണം (ഭവന പുനരുദ്ധാരണം)* | |

തിരുവനന്തപുരം ജില്ലയിലെ ഇരട്ട ലക്ഷം വീടുകൾ എല്ലാം തന്നെ 2000-നു മുമ്പ് ഒറ്റ വീടാക്കി. പിന്നീട് ഈ വീടുകൾക്ക് അറ്റകുറ്റപ്പണി വേണ്ടി വന്നു. ഇതിനായി 2.00 ലക്ഷം രൂപ വീതം നൽകാൻ 18.02.2020 ലെ 417/20/തസ്വഭവ നമ്പർ ഉത്തരവ്വ പ്രകാരം സർക്കാർ അനുമതി നൽകി. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ബ്ലോക്കു പഞ്ചായത്തും **40:40:20** അനുപാതത്തിൽ തുക നൽകാനാണ് അനുമതി നൽകിയത്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കൾക്ക് 50 ശതമാനം വീതം അഡ്വാൻസ് നൽകി. എന്നാൽ ഉദ്ദേശിച്ച പ്രകാരം ജില്ല, ബ്ലോക്കു പഞ്ചായത്തു വിഹിതം ലഭിച്ചില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് ഒരു വീടിന് 1.50 ലക്ഷം രൂപ എന്ന നിരക്കിലേക്ക് ധനസഹായം കുറച്ചു. ഇപ്പോൾ സ്പിൽ ഓവറായി തുടരുന്നു. പുതിയ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വീട്ട വാസയോഗ്യമാക്കുന്നതിനു നൽകാവുന്ന തുക 1.00 ലക്ഷം രൂപയാണ്. (പൊതു വിഭാഗത്തിന് 1.00 ലക്ഷം രൂപയും എസ്.സി/എസ്.റ്റിവിഭാഗത്തിന് 1.50 ലക്ഷം രൂപയും). ഗുണഭോക്താക്കൾ പ്രവൃത്തികൾ പൂർത്തിയാക്കി. ഈ സാഹചര്യത്തിൽ ലക്ഷം വീട് കോളനി നവീകരണം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പരമാവധി 1.50 ലക്ഷം രൂപ നിരക്കിൽ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.8 <u>പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2022 ലെ കത്തും പുതപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.07.2022 ലെ 2(1)–ാം നമ്പർ തീരുമാനവും (SRG 979/22 - CC /455/22).**

**വിഷയം:** പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം നിരക്ക് ഏകീകരിക്കണമെന്നതു സംബന്ധിച്ച്.

ലൈഫ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6.00 ലക്ഷം രൂപയാണ് നൽകാവുന്നത്. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം എല്ലാ വിഭാഗത്തിനും 4.00 ലക്ഷം രൂപ എന്നാണ് പറഞ്ഞിരിക്കുന്നത്. മുൻ ഉത്തരവ്വ പ്രകാരമുള്ള 6.00 ലക്ഷം രൂപ തന്നെ തുടർന്നും അനുവദിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് 6.00 ലക്ഷം രൂപ നൽകുന്നതു പോലെ തന്നെ സങ്കേതത്തിനു പുറത്തു താമസിക്കുന്നവർക്കും 6.00 ലക്ഷം രൂപ വീതം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.9 <u>താനൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**താനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.05.2022 ലെ C-927/22-ാം നമ്പർ കത്ത് (SRG 669/22).**

**വിഷയം:-** PMAY ആവാസ് പ്ലസ്സിൽ ഉള്ള ഗുണഭോക്തൃ ലിസ്റ്റിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച്.

താഴെ പറയുന്ന രണ്ടുപേർ 2021-22 ലെ PMAY ആവാസ് പ്ലസ് ലിസ്റ്റിൽ ഉള്ളവരാണ്.

1) ശ്രീമതി ജിഷ W/O മനോജ് കുമാർ
2) ശ്രീമതി സുബിന W/O ഹനീഫ

ഇവരിൽ ക്രമനമ്പർ ഒന്നിൽ പറയുന്ന ആൾ "മറ്റുള്ളവർ" എന്ന വിഭാഗത്തിലും ക്രമ നമ്പർ രണ്ടിലെ ആൾ "മൈനോറിറ്റി" വിഭാഗത്തിലുംപ്പെട്ടവരാണ്. എന്നാൽ PMAY ആവാസ് പ്ലസ്സ് പട്ടികയിൽ രണ്ടുപേരും "പട്ടികവർഗ്ഗം" വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. PMAY ലിസ്റ്റിൽ വന്നതിനാൽ ലൈഫ് പദ്ധതിയിൽ ഇവർ അപേക്ഷിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ഇവരിൽ ഓരോരുത്തർക്കും ലഭിക്കേണ്ട കേന്ദ്ര വിഹിതമായ 1,20,000 രൂപയും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമായ 2,80,000 രൂപയും അനുവദിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.10 <u>ബഹു . തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയും ബഹു. ആരോഗ്യവകുപ്പ മന്ത്രിയും പങ്കെടുത്ത 29.09.2022 ലെ യോഗ തീരുമാനം.</u>**

വയനാട് ജില്ലാ ആശുപത്രി മെഡിക്കൽകോളേജായി ഉയർത്തി. ജില്ലാ ആശുപത്രിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്താണ് വിഹിതം ചെലവഴിച്ചിരുന്നത്. എന്നാൽ മെഡിക്കൽ കോളേജായി ഉയർത്തിയെങ്കിലും മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ സഹായം വേണ്ട രീതിയിൽ ലഭിക്കുന്നില്ല. നിലവിലുണ്ടായിരുന്ന എച്ച്.എം.സിക്കു പകരം എച്ച്.ഡി.സിക്കാണ് ഇപ്പോൾ ആശുപത്രിയുടെ ഭരണ ചുമതല. ജില്ലാ പഞ്ചായത്തിന്റെ ധനസഹായം ഇല്ലാതെ വന്നാൽ ആശുപത്രിയുടെ പ്രവർത്തനം സുഗമമാകില്ല. ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയും ബഹു. ആരോഗ്യവകുപ്പ മന്ത്രിയും വകുപ്പ സെക്രട്ടറിമാരും വയനാട് ജില്ലാ പഞ്ചായത്ത് പ്രിസിഡന്റുമായി 29.09.2022-ൽ നടന്ന യോഗത്തിൽ ആശുപത്രിയുടെ ഭരണ ചുമതല എച്ച്.എം.സിയിൽ തന്നെ നിലനിർത്തിയാൽ ജില്ലാ പഞ്ചായത്ത് ആവശ്യമായ വികസന പ്രവർത്തനത്തിന് വിഹിതം വകയിരുത്താമെന്ന് ധാരണയായിരുന്നു. ഇതു സംബന്ധിച്ച് ആരോഗ്യവകുപ്പിൽ നിന്ന് ഉത്തരവുണ്ടായാൽ മാത്രമേ തുടർ പ്രവർത്തനവുമായി മുന്നോട്ടു പോകാൻ കഴിയൂ. ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് എടുത്ത നടപടി യോഗത്തിൽ ചർച്ച ചെയ്യുന്നതു സംബന്ധിച്ച്.

### 4.11 ളാലം ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.08.2022 ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03.06.2022 ലെ 1(8)-ാം നമ്പർ തീരുമാനവും (SRG 731/22 - CC/414/2022).**

**വിഷയം:-** പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനുള്ള ധനസഹായവും സംബന്ധിച്ച്.

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനും ഈ വിഭാഗത്തിൽപ്പെട്ടവർ വിദേശത്ത് തൊഴിൽ നേടുമ്പോൾ ധനസഹായം നൽകാനും ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. ബ്ലോക്ക് പഞ്ചായത്തിന് ഈ പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.12 കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.08.2022 ലെ കത്തും കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2022 ലെ** SC1-21/22-**ാം നമ്പർ കത്തും കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.07.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 898/2022 - CC/438/2022).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ

| | | |
|---|---|---|
| ***പ്രോ.നം: 38/23*** | ***അടങ്കൽ*** | ***10,90,000രൂപ*** |
| | *വികസനഫണ്ട് ജനറൽ* | ***5,90,000 രൂപ*** |
| | *എസ്.സി.പി* | ***5,00,000 രൂപ*** |
| ***പേര്*** | ***പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം*** | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാനുള്ള പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. കഴിഞ്ഞ വർഷം CPRCS (Centralised Procurement and Rate Contract System) ൽ ലാപ് ടോപ് ലഭ്യമല്ലാതെ വന്നതിനാൽ GeM മുഖേനയാണ് വാങ്ങിയത്. കാലതാമസം വന്നതിനാൽ ഗുണഭോക്തൃലിസ്റ്റിലുള്ള താഴെ പറയുന്ന വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി. ഇവർക്ക് കൂടി ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| | | | |
|---|---|---|---|
| 1 | സജിത്. കെകെ, കരിയാട്ടിൽ കളം | 9 | ശ്രുതി എം, മഞ്ഞളാം തൊടി |
| 2 | ഗോപിക ഇ.പി, എളാക്കരപ്പടി | 10 | ശ്രുതി ഇ.പി, എളാക്കരപ്പടി |
| 3 | ശ്രീലക്ഷ്മി. കെ, കുന്നത്തൊടി | 11 | നിമിഷ കെ.പി, കൊടക്കാട്ടുപറമ്പിൽ |
| 4 | വിനയൻ കെ, കുട്ടപ്പലാക്കൽ | 12 | ആതിര കെ.കെ, കരിയാട്ടിൽ കുളത്തിൽ |
| 5 | അജിൻ ഇ,  എടത്തോത്തൊടി | 13 | അദുൽ ദാസ്, വാലിയാറപ്പടി |
| 6 | ഗോകുൽ ദാസ്, പാണാറത്ത് | 14 | ജിംഷ, ഓപ്പത്തൊടി |
| 7 | ജിഷ്ണ പി, പുലാവഴിപ്പടി | 15 | സോനത്ത് ലാൽ കെ.പി, കളത്തിൽപ്പടി |
| 8 | അർജ്ജുൻ, എളാക്കരപ്പടി | | |

4.13 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ്ഓഫീസറുടെ 13.09.2022 ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 01.09.2022 1(3)-ാാം നമ്പർ തീരുമാനവും (SRG 964/CC/532/2022).**

**വിഷയം:-** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

| | | | |
|---|---|---|---|
| i) | *പ്രോ.നം: 675/23* | *അടങ്കൽ* | *2,00,000 രൂപ (വികസനഫണ്ട്)* |
| | *പേര്* | *പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് കെ.എ.എസ്/ പി.എസ്.സി പരിശീലനം* | |

പട്ടികജാതി/ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൽക്ക് KAS/PSC പരിശീലനം നടത്തുന്നതിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന വിഹിതം താഴെ പറയും പ്രകാരമാണ്.

| **ക്രമ നമ്പർ** | **തദ്ദേശഭരണസ്ഥാപനം** | **വകയിരുത്തുന്ന വിഹിതം** | **ആകെ** |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 70,000 | **71 X 70,000 = 49,70,000** |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 70,000 | **11 X 70,000 = 7,70,000** |
| 3 | മുനിസിപ്പാലിറ്റി | 70,000 | **6 X 70,000 = 4,20,000** |
| 4 | ജില്ലാ പഞ്ചായത്ത് | 2,00,000 | **2,00,000** |
| | | **ആകെ** | **63,60,000 രൂപ** |

ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും രണ്ടു ഉദ്യോഗാർത്ഥികളെ വീതം (പട്ടികജാതി വിഭാഗം 1, പട്ടിക വർഗ്ഗ വിഭാഗം 1) പൊതു പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുത്ത് പാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഒരു വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ മറ്റേ വിഭാഗത്തിൽ നിന്നും ഒരാളെ കൂടി തെരഞ്ഞെടുക്കാം. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ സ്ഥാപനമായ ഈ സംയുക്ത പ്രോജക്ട് പാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.14 <u>വയനാട് ജില്ലാ ആസൂത്രണ സമിതി</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2022 ലെ കത്ത് (SRG 666/22 – CC/400/2022).**

**വിഷയം:-** പട്ടികവർഗ്ഗവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യവും പ്രഭാത ഭക്ഷണവും നൽകുന്നതു സംബന്ധിച്ച്.

വയനാട് ജില്ലാ ആസൂത്രണ സമിതിയുടെ 15.06.2022 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

i. **ഗോത്രസാരഥി** – വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പ്രോജക്ടുകൾ എടുക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് തികയാതെ വന്നാൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകാം. വയനാട്ടു ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായതിനാൽ ജില്ലാ പഞ്ചായത്തിനുകൂടി വിഹിതം നൽകാൻ അനുമതി വേണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം ജൂൺ മാസം തന്നെ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

ii. **സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം :–** വിദ്യാലയങ്ങളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കു തടയുന്നതിന് പത്താംതരം വരെയുള്ള പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.15 <u>മറ്റത്തൂർ ഗ്രാമപഞ്ചായത്ത്</u>

**മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2022 ലെ കത്ത്, 03.08.2022 ലെ A2–123 (4)–ാം നമ്പർ കത്തും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.02.2022 ലെ 2(1)–ാം നമ്പർ തീരുമാനവും, 06.06.2022 ലെ 4(1)–ാം നമ്പർ തീരുമാനവും (SRG 1036/22).**

**വിഷയം:–** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സമഗ്രവികസന പദ്ധതി

| | | | |
|---|---|---|---|
| i) | *പ്രോ.നം: 231/23* | ***അടങ്കൽ*** | *18,00,000 രൂപ (എസ്.സി.പി ) (7.00 ലക്ഷം രൂപ അടുത്ത വർഷം വകയിരുത്താൻ ഉദ്ദേശിക്കുന്നു)* |
| | ***പേര്*** | ***പഞ്ചമി*** | |

നാലാം ക്ലാസ്സിൽ പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50 വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് പ്രോജക്ട്. ഒരു വിദ്യാർത്ഥിക്ക് ശരാശരി ചെലവ് 50,000 രൂപ. ഈ വിദ്യാർത്ഥികളെ സമൂഹത്തിൽ ആരോഗ്യപരമായി ഇടപെടുന്നതിന് പ്രാപ്തരാക്കുക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പൊതു ജീവിതത്തിൽ മെച്ചപ്പെട്ട മനോഭാവം രൂപീകരിക്കുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഒരു വർഷം നീണ്ടു നിൽക്കുന്ന ഈ പദ്ധതിയിൽ അക്കാദമിക് ഉപദേശകർ ഉണ്ടാകും. ഒപ്പം ഓണറേറിയം വ്യവസ്ഥയിൽ ഒരു കോഓർഡിനേറ്റർ (പ്രതിമാസം 20,000 രൂപ), ഡേറ്റാ അനലിസ്റ്റ് (പ്രതിമാസം 17,000 രൂപ) നാലു ഫെസിലിറ്റേറ്റർമാർ (പ്രതിമാസം 15,000 രൂപ) എന്നിവരെ ഒരു വർഷത്തേക്ക് നിയമിക്കുന്നു. വാടകയ്ക്ക് പരിശീലന കേന്ദ്രം എടുക്കണം. ഭക്ഷണവും വാഹനസൗകര്യവും ഒരുക്കണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.16 **എറണാകുളം ജില്ലാ പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.09.2022 ലെയും 31.08.2022 ലെയും കത്തുകളും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26.08.2022 ലെ** DP8-02/2022-ാം **നമ്പർ കത്തും (SRG 980/22 - CC/495/2022).**

**വിഷയം:** പത്താംക്ലാസ്സ് വിജയശതമാനം ഉയർത്താനുള്ള പദ്ധതി

| *പ്രോ.നം: 446/23* | *അടങ്കൽ* | *15,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
|---|---|---|
| *പേര്* | *ജ്യോതിർഗമയ - കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പരിശീലന പരിപാടി* | |

എറണാകുളം ജില്ലാ പഞ്ചായത്തിലെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുവേണ്ടിയാണ് പ്രോജക്ട്. പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ക്ലാസ്സ് സമയത്തിനുശേഷം ഈ സ്കൂളിലെ അദ്ധ്യാപകർ തന്നെ കുട്ടികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മുന്നോടിയായി പരിശീലനം നല്കുന്നു. സർക്കാർ സ്കൂളുകളിലെ 2706 കുട്ടികൾക്കും എയ്ഡഡ് സ്കൂളിലെ 14,793 കുട്ടികൾക്കുമാണ് പരിശീലനം നൽകുന്നത്. 50 ദിവസമാണ് പരിശീലനം നൽകുന്നത്. പരിശീലനം നൽകുന്ന വേളയിൽ കുട്ടികൾക്ക് റിഫ്രഷ്മെന്റ് നൽകുന്നതിന് 10 രൂപ വീതം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. തുക ബന്ധപ്പെട്ട സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്ക് കൈമാറും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.17 **പാണ്ടനാട് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022 ലെ കത്തും പാണ്ടനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 907/22-CC/459/22).**

**വിഷയം:-** മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം സംബന്ധിച്ച്.

| *പ്രോ.നം: 52/23* | *അടങ്കൽ* | *50,000 രൂപ (വികസനഫണ്ട് ജനറൽ* |
|---|---|---|
| *പേര്* | *മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൈക്കിൾ വിതരണം* | |

മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.18 **പാണ്ടനാട് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022 ലെ കത്തും പാണ്ടനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 908/22 - CC/460/22).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം സംബന്ധിച്ച്.

| *പ്രോ.നം: 53/23* | ***അടങ്കൽ*** | ***2,96,000 രൂപ*** |
|---|---|---|
| | *എസ്.സി.പി* | ***2,95,600 രൂപ*** |
| | *തനത് ഫണ്ട്* | ***400 രൂപ*** |
| ***പേര്*** | ***എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം*** | |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാനുള്ള ഈ പ്രോജക്ടിന് ജില്ലാആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.19 പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.09.2022 ലെ കത്തും പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.06.2022 ലെ 14(1)–ാം നമ്പർ തീരുമാനവും (SRG 952/22 - CC/441/22).**

**വിഷയം:-** കഴിഞ്ഞവർഷത്തെ ഗുണഭോക്തൃ ലിസ്റ്റിലുള്ള പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 91/23* | ***അടങ്കൽ*** | ***6,50,000 രൂപ*** *(എസ്.സി.പി)* |
|---|---|---|
| ***പേര്*** | ***പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്*** | |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് 2021-22 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും ലാപ് ടോപ് നൽകാൻ കഴിഞ്ഞില്ല. അന്നു നിശ്ചയിച്ചിരുന്ന വിലയ്ക്ക് GeM പോർട്ടലിൽ ലാപ് ടോപ് ലഭ്യമല്ലാത്തതിനാലാണ് നൽകാത്തത്. പുതുക്കിയ വില ഐ.റ്റി മിഷൻ നിശ്ചയിച്ചു നൽകിയിരുന്നില്ല. കഴിഞ്ഞ വർഷം ലാപ് ടോപ്പിനായി ആവശ്യമായ രേഖകൾ സമർപ്പിച്ച 13 ഗുണഭോക്താക്കൾക്ക് ഈ വർഷം ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| **ക്രമ നമ്പർ** | **പേര്** | **ക്രമ നമ്പർ** | **പേര്** |
|---|---|---|---|
| 1 | പഞ്ചമി എൽ, പുലയരുകുന്ന് | 8 | രേഷ്മ കെ.ആർ, രജിത ഭവൻ |
| 2 | നയൻ.ജെ.റ്റി, മലവിള വീട് | 9 | അശ്വന്ത് കൃഷ്ണ എ.എസ്, ഉതൃട്ടാതി ഭവൻ |
| 3 | പ്രീതി.പി.എസ്, പ്രീതി ഭവൻ | 10 | ജിതിൻ രാജ്. ആർ, വടയാനിക്കോണം |
| 4 | സൂര്യ എസ്, വിജയ മന്ദിരം | 11 | ആതിര എ, കല്ലറ വിളാകത്ത് വീട് |
| 5 | അനിത. സി, തുണ്ടു കട്ടയ്ക്കാലിൽ വീട് | 12 | പൂജ. എച്ച്, ലീലാലയം |
| 6 | രമ്യ, വെള്ളംകുടികുന്നിൽ വീട് | 13 | രേവതി എം.എസ്, കടുവാക്കുഴി |
| 7 | രാഖി രാജ് ആർ.ബി, പാലുവള്ളി കിഴക്കും കര വീട് | | |

4.20 **കൊച്ചി കോർപ്പറേഷൻ**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.09.2022, 01.09.2022 എന്നീ തീയതികളിലെ കത്തുകളും കൊച്ചി കോർപ്പറേഷൻ മേയറുടെ 19.08.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 955/22 - CC /477/22).**

**വിഷയം:** ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്

ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് 2021-22 വർഷം താഴെ പറയുന്ന 6 വിദ്യാർത്ഥികൾ യഥാസമയം അപേക്ഷ നൽകിയിരുന്നില്ല. ശാരീരിക ബുദ്ധിമുട്ടുകൾ കാരണമാണ് ഇവർ അപേക്ഷ നൽകാഞ്ഞതെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇവർ പഠിക്കുന്ന വിദ്യാലയങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രവും രേഖകളും സഹിതം അപേക്ഷ നൽകിയിട്ടുണ്ട്. ഇവർക്ക് 2022-23 വർഷം കുടിശ്ശികയായ സ്കോളർഷിപ്പ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**വിദ്യാർത്ഥികളുടെ പേര്**

| | | | |
|---|---|---|---|
| 1 | ഫലീല നർഗ്ഗീസ് | 4 | മുഹമ്മദ് അമീൻ |
| 2 | മുഹമ്മദ് ഫാരീസ് | 5 | അഭിരാമം രമേഷ് |
| 3 | നവ്യസാറാ ബേബി | 6 | ജോമോൻ ജോണി |

4.21 **അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോ പ്ലാൻ - നോഡൽ ഓഫീസറുടെ കുറിപ്പ്.** **(SRG 1059/22).**

**വിഷയം:-** അതിദരിദ്ര കുടുംബങ്ങൾക്കുള്ള മൈക്രോ പ്ലാൻ

1) അതിദരിദ്ര കുടുംബങ്ങൾക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ ഒക്ടോബർ 15 നകം പൂർത്തിയാക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്നാവശ്യമായ വിഭവ സമാഹരണം പ്രാദേശികമായി കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗരേഖ യനുസരിച്ച് അനുവാദം നല്കിയിട്ടുണ്ട്. ഇതിനോടൊപ്പം പദ്ധതി വിഹിതം ഉപയോഗിച്ച് കൊണ്ടും പ്രൊജെക്ടുകൾ രൂപീകരിക്കേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുൾക്ക് അംഗീകാരം നല്കുന്നതിന് ജില്ലയിലെ PAU പ്രോജക്ട് ഡയറക്ടർമാർ ജില്ലാ ആസൂത്രണ സമിതിയുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.
2) അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ തയ്യാറാക്കുന്നതോടൊപ്പം താഴെ പറയുന്നവ പരിഗണിക്കണം/ മാർഗ്ഗനിർദ്ദേശം നൽകണമെന്ന് സ്റ്റേറ്റ് നോഡൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.
   i. അതിദരിദ്ര കുടുംബങ്ങളിലെ ചിലരെ അവരുടെ ബന്ധുക്കൾ ഏറ്റെടുക്കുകയോ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റുകയോ ചെയ്തിട്ടുണ്ട്. ഇവർ ഏകാംഗ കുടുംബങ്ങളിൽപ്പെട്ടവർ ആണെങ്കിൽ അത്തരക്കാരെ അന്തിമ പട്ടികയിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.
   ii. വിവരശേഖരണ വേളയിൽ ഒരു തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താവായി ഉൾപ്പെടുകയും പിന്നീട് മറ്റൊരു തദ്ദേശസ്ഥാപനത്തിലേക്ക് മാറി പോവുകയും ചെയ്ത

വ്യക്തികളും കുടുംബങ്ങളും ഉണ്ട്. അങ്ങനെയുള്ളവരെ നേരത്തെ ഉൾപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താവായി നിലനിർത്തണോ അതോ പുതിയ തദ്ദേശഭരണസ്ഥാപനത്തിലെ ഗുണഭോക്താവായി മാറ്റണോ?

iii. അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ പൂർത്തിയാക്കിയ ശേഷം അർഹരായി കണ്ടെത്തിയ ചില ഗുണഭോക്താക്കളുടെ വിവരം തദ്ദേശസ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. അവരെ അന്തിമമാക്കിയ പട്ടികയിൽ പുതുതായി ചേർക്കാവുന്നതാണോ?

iv. വാസസ്ഥലം ഇല്ലാ എന്ന ക്ലേശഘടകത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ പട്ടികയിൽ ഉൾപ്പെട്ടുവെങ്കിലും ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് പാർപ്പിടവുമായി ബന്ധപ്പെട്ട ആനുകൂല്യം നൽകുന്നതിനായി ലൈഫ് ഗുണഭോക്തൃ പട്ടികയിൽ കൂട്ടി ചേർക്കാവുന്നതാണോ

v. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്കു വേണ്ടിയുള്ള പ്ലാനുകൾക്ക് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകേണ്ടതാണ് എന്നും ഇതിനായി വിശദമായി ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ് എന്നും 08.07.2022 തീയതിയിലെ 146/2022/എസ്.എസ്.ജി നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

vi. പുതുതായി റേഷൻ കാർഡ് അനുവദിക്കുന്ന അതിദരിദ്രർക്ക് മറ്റ് യാതൊരു രേഖകളോ മാനദണ്ഡങ്ങളോ ബാധകമാക്കാതെ ബി.പി.എൽ റേഷൻ കാർഡ് പ്രത്യേകമായി അനുവദിക്കുന്നതിനു വേണ്ട നടപടി സംബന്ധിച്ച്.

4.22 <u>കാവനൂർ ഗ്രാമപഞ്ചായത്ത്</u>

**ബഹു.ഏറനാട് എം.എൽ.എ യുടെ 01.07.2022 ലെ കത്തും കാവനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.06.2022 ലെ കത്തും കാവനൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ 19.04.2022 ലെ 117/2022-ാം നമ്പർ കത്തും (SRG 853/22).**

**വിഷയം:-** കാവനൂർ പി.എച്ച്.സിയിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നതു സംബന്ധിച്ച്.

കാവനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളുടെ തിരക്കു കൂടുതലാണെന്നറിയിച്ചുകൊണ്ട് അധികമായി ഒരു ഫാർമസിസ്റ്റിനെ കൂടി ഗ്രാമപഞ്ചായത്ത് മുഖേന നിയമിക്കുവാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.23 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2022 ലെ കത്തുകളും (2എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 22.07.2022 -ലെ** DP13-885/22-**ാം കത്തും എറണാകുളം ജില്ലാ പഞ്ചായത്തു ഭരണസമിതിയുടെ 12.07.2022 ലെ 1(6)-ാം നമ്പർ തീരുമാനവും (SRG 900/2022 - CC/425/22).**

വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകാനുള്ള പ്രോജക്ട് ഏറ്റെടുക്കാൻ പുതിയ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് / ജില്ലാ

പഞ്ചായത്തുകൾക്കു ഗ്രാമപഞ്ചായത്തുകളിലേക്ക് വിഹിതം നൽകാം. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഇതിനുള്ള പ്രോജക്ട് നേരിട്ട് ഏറ്റെടുക്കാവുന്നത്. മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിന് 2.00 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്കാണ് ധനസഹായം നൽകാവുന്നത്. ഇതിൽ താഴെ പറയുന്ന മാറ്റങ്ങളോടെ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

i. ഡയാലിസിസിനു ധനസഹായം നൽകാനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്തിനു നേരിട്ടെടുക്കാൻ അനുമതി.
ii. 3.00 ലക്ഷം രൂപ വരെ വാർഷികവരുമാനമുള്ള പൊതു വിഭാഗത്തിൽപ്പെട്ടവർക്കും ധനസഹായം നൽകാൻ അനുമതി.

**4.24 <u>കാസർഗോഡ് ജില്ലാ പഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (SRG 1038/22).**

**വിഷയം:–** ജില്ലാ ആശുപത്രി കാത്ത് ലാബ് – പ്രോജക്ട് ഭേദഗതി സംബന്ധിച്ച്.

ജില്ലാ ആശുപത്രിയിൽ കാത്ത് ലാബിനുള്ള പ്രോജക്ടിന് ചില ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഇതിന് പ്രോജക്ട് ഭേദഗതിക്കുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.25 <u>വയനാട് ജില്ലാ ആസൂത്രണ സമിതി</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2022 – ലെ കത്ത് (SRG 951/22 – CC/510/2022).**

**വിഷയം:** ഡയാലിസിസ് രോഗികൾക്ക് ധനസഹായം സംബന്ധിച്ച്.

ഡയാലിസിസ് രോഗികൾക്ക് പ്രതിമാസം 4000 രൂപ ബന്ധപ്പെട്ട ആശുപത്രികൾക്ക് നൽകാൻ അനുമതിയുണ്ട്. ഇതിൽ 50 ശതമാനം തുക രോഗികൾക്ക് നേരിട്ടോ വാഹനമുടമയ്ക്കോ യാത്രാ ചെലവിനായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.26 <u>അടിമാലി ബ്ലോക്ക് പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2022 ലെ അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22.08.2022 ലെ സി–2517/2022–ാം നമ്പർ കത്ത് (SRG 948/22 – CC /479/22).**

**വിഷയം:–** താലൂക്കാശുപത്രിയിൽ കാത്ത് ലാബ് നിർമ്മാണം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 56/23* | *അടങ്കൽ* | *18,00,000 രൂപ<br>(മെയിന്റനൻസ് ഗ്രാന്റ് – നോൺറോഡ്)* |
| *പേര്* | *അടിമാലി താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ്* | |

അടിമാലി താലൂക്ക് ആശുപത്രിയിൽ CCU കാത്ത് ലാബ് നിർമ്മാണം നടന്നു വരുകയാണ്. എന്നാൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 18.00 ലക്ഷം രൂപ കൂടി വേണം. ഇതിനായി മറ്റു വിഹിതം കണ്ടെത്താൻ കഴിയുന്നില്ല. അതിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് തുക ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.27 <u>താമരശ്ശേരി ഗ്രാമപഞ്ചായത്ത്</u>

**ബഹു.കൊടുവള്ളി എം.എൽ.എയുടെ 20.09.2022 ലെ കത്തും താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.07.2022 ലെ 1-ാം നമ്പർ തീരുമാനവും (SRG 1064/22).**

**വിഷയം:-** താമരശ്ശേരി താലൂക്കാശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

കൊടുവള്ളി ബ്ലോക്ക പഞ്ചായത്തിന്റെ കീഴിലാണ് താമരശ്ശേരി താലൂക്കാശുപത്രി പ്രവർത്തിക്കുന്നത്. ഇവിട ഒരു ഡോക്ടറെ കൂടി നിയമിക്കേണ്ടതുണ്ട്. ബ്ലോക്ക പഞ്ചായത്തിന് ഇതിനുള്ള ഫണ്ട് കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഇതിനാവശ്യമായ തുക ബ്ലോക്ക പഞ്ചായത്തു പരിധിയിൽ വരുന്ന താമരശ്ശേരി ഗ്രാമപഞ്ചായത്ത് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഡോക്ടർക്കുള്ള വേതനം നൽകാൻ താമരശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.28 <u>കിഡ്നി കെയർ കേരള, കണ്ണൂർ</u>

**പഞ്ചായത്തു ഡയറക്ടറുടെ 07.10.2022 ലെ** PAN/15172/2022 - J3 (DP) **നമ്പർ കത്തും കിഡ്നി കെയർ കേരള, കണ്ണൂർ ചെയർമാൻ** CMO **പോർട്ടലിലേക്ക് 29.08.2022 ൽ നൽകിയ കത്തും (SRG 1069/22).**

**വിഷയം:-** വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം സംബന്ധിച്ച്.

വൃക്കരേഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ താഴെ പറയുന്ന മാറ്റം വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

- **i.** വൃക്കരോഗികൾ ഡയാലിസിസ് ചെയ്യതിന് ഡയാലിസിസ് കേന്ദ്രത്തിൽ നൽകിയ ചെലവിന്റെ ബിൽ തദ്ദേശഭരണസ്ഥാപനത്തിൽ ഹാജരാക്കിയാൽ തുക രോഗിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം.
- **ii.** മാരക രോഗമുള്ള രോഗിയെ ചികിത്സിക്കുന്ന അംഗീകൃത യോഗ്യതയുള്ള ഡോക്ടർമാർ നൽകുന്ന മരുന്നിനുള്ള കുറിപ്പ് ഹാജരാക്കിയാൽ തദ്ദേശഭരണസ്ഥാപനത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ മുഖേന മരുന്നു നൽകണം.

4.29 <u>കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2022 ലെ കത്ത് (SRG 719/22- CC/418/22).**

**വിഷയം:-** ആംബുലൻസിന്റെ ആവർത്തന ചെലവിനു തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിലെ തണ്ണീർ മുക്കം സി.എച്ച്.സി ക്ക് **MPLAD**-യിൽ ഒരു ആംബുലൻസ് അനുവദിച്ചിരുന്നു. എച്ച്.എം.സി ഫണ്ട് കുറവായതിനാൽ ഡ്രൈവറുടെ വേതനമടക്കമുള്ള ആവർത്തന ചെലവിന് വികസനഫണ്ട് ജനറൽ ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.30 <u>ളാലം ബ്ലോക്ക് പഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.08.22 - ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03.06.2022 ലെ 1(7)-ാം നമ്പർ തീരുമാനവും (SRG 732/22- CC/413/22).**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

ഡയാലിസിസിന് ധനസഹായം നൽകാനുള്ള പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.31 <u>പുത്തൻചിറ ഗ്രാമപഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 745/22 - CC/399/22).**

**വിഷയം:-** ജലനിധി പ്രോജക്റ്റ് - ബാലൻസ് തുക നൽകൽ.

| | | |
|---|---|---|
| *പ്രോ.നം: 33/23*<br>(പഴയ നമ്പർ 140/2016) | *അടങ്കൽ* | *35,000 രൂപ*<br>*(തനതുഫണ്ട്)* |
| *പേര്* | *ജലനിധി പുനരുദ്ധാരണം - ചിറ്റേപ്പാടം റോഡ്* | |

പുത്തൻ ചിറ ഗ്രാമപഞ്ചായത്തിൽ 2015-16 ൽ ജലനിധി പ്രോജക്റ്റിന്റെ ഭാഗമായി ചിറ്റേപ്പാടം റോഡ് എന്ന പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നു. 100 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡ് പൊളിച്ച് മെറ്റലിംഗ് നടത്താനായിരുന്നു പ്രോജക്റ്റ്. ഇതിന് ജലനിധി ഫണ്ടാണ് ഉൾപ്പെടുത്തിയിരുന്നത്.

05.02.2016 ൽ പ്രവർത്തി പൂർത്തീകരിച്ചു. ബിൽ തുക 33,781 രൂപ. ജലനിധി ഫണ്ട് ലഭിക്കാത്തതിനാൽ ബിൽ തുക നൽകിയില്ല. കഴിഞ്ഞ വർഷങ്ങളിലെല്ലാം ഇത് സ്പിൽ ഓവറായി തുടരുന്നുണ്ട്. ഈ തുക നൽകാൻ ഈ വർഷം പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.32 <u>നായരമ്പലം ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.2022 ലെ കത്തുകളും (2 എണ്ണം) പരിശോധന റിപ്പോർട്ടും PWD Bridges Section അസിസ്റ്റന്റ് എഞ്ചിനീയറുടെ 24.06.22 ലെ BP16/2001-ാം നമ്പർ കത്തും നായരമ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.07.2022-ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 895/22 - CC/430/2022).**

**വിഷയം:-** നെടുങ്ങാട് പള്ളിപ്പാലം പൊളിച്ചു മാറ്റുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 27/23* | *അടങ്കൽ* | *4,00,050 രൂപ* |
| | *സി.എഫ്,സി ബെയിസിക് ഗ്രാന്റ്* | *4,00,000 രൂപ* |
| | *തനതുഫണ്ട്* | *50 രൂപ* |
| *പേര്* | *നെടുങ്ങാട് പള്ളിപ്പാലം പൊളിച്ചു നീക്കംചെയ്യൽ* | |

നായരമ്പലം ഗ്രാമപഞ്ചായത്തിൽ പുതിയ നെടുങ്ങാട് പാലം പൊതുമരാമത്ത് വകുപ്പ് 2020-ൽ 6.50 കോടി രൂപ മുടക്കി നിർമ്മിച്ചു. എന്നാൽ ഇതിന് സമാന്തരമായുള്ള പഴയപാലം പൊളിച്ചു നീക്കിയില്ല. ഇതു പൊളിച്ചു നീക്കുന്നതിനു **PWD (Bridges)** 2015-16ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 27,021 രൂപയാണ് ചെലവ്. ഈ തുക അപര്യാപ്തമായതിനാൽ പാലം പൊളിച്ചു നീക്കണമെന്ന് **PWD (Bridges)** ഗ്രാമപഞ്ചാ യത്തിനോടാവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ പഴയപാലവും **KSEB** കേബിളുകളും, **KWA** പൈപ്പും ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ നീക്കം ചെയ്യാൻ പ്രോജക്ട തയ്യാറാക്കിയിരിക്കുന്നു.

പഴയപാലത്തിന് ഉയരക്കുറവുള്ളതിനാൽ മൺസൂൺ കാലത്ത് മഴവെള്ളം ഒഴുകി പോകുന്നതിന് തടസ്സമുണ്ടാകുമെന്നും സമീപ പ്രദേശത്തെ വീടുകളിൽ വെള്ളം കയറുമെന്നും പൊതു ജനങ്ങൾ പരാതിപ്പെട്ടിട്ടുണ്ട്.

**4.3**3 **<u>മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.8.2022, 23.08.2022 ലെ കത്തുകളും പരിശോധനാ റിപ്പോർട്ടും മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.07.2022 ലെ ഒന്നാം നമ്പർ തീരുമാനവും (SRG 903/22 - CC/464/2022).**

**വിഷയം: C.S.R** വിഹിതം ഉപയോഗിച്ച് **BM&BC** നിലവാരത്തില് റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 168/23* | ***അടങ്കൽ*** | ***1,00,00,000 രൂപ***<br>*(സി.എസ്.ആർ. വിഹിതം)* |
| ***പേര്*** | ***അരക്കുന്നം പുളിക്കമാലി റോഡ്* BM&BC നിലവാരത്തിൽ നിർമ്മിക്കൽ** | |

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ മുളന്തുരുത്തി ആരക്കുന്നം പുളിക്കമാലി റോഡ് **BM&BC** നിലവാരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്നു. ഈ റോഡ് 2014-ൽ **PMGSY** പദ്ധതി പ്രകാരം ടാർ ചെയ്തതാണ്. ഇപ്പോൾ അറ്റകുറ്റപ്പണി ആവശ്യമുണ്ട്. **APTIV Connection System India Private Ltd.** എന്ന കമ്പനി ഇതിനായി 37.33 ലക്ഷം രൂപ സി.എസ്.ആർ. വിഹിതമായി ഗ്രാമപഞ്ചായത്തിനു നൽകിയിട്ടുണ്ട്. ബാക്കി വിഹിതം കൂടി ലഭിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ റോഡിന് ട്രാഫിക് സാന്ദ്രത കൂടുതലാണെന്നും **BM&BC** നിലവാരത്തിൽ റോഡ് നിർമ്മിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. **BM&BC** നിലവാരത്തിൽ ഈ റോഡ് നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.34 <u>കുമ്പളം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.08.2022, 24.08.2022 എന്നീ തീയതികളിലെ കത്തും കുമ്പളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.07.2022 ലെ 10(1)-ാം നമ്പർ തീരുമാനവും (SRG 905/22 - CC/435/2022).**

**വിഷയം:-** 2018-19 ൽ അനുവദിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം മറ്റു ആവശ്യത്തിന് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

കുമ്പളം ഗ്രാമപഞ്ചായത്ത് 2018-19 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആറാം വാർഡിലെ എക്കാല റോഡ് നിർമ്മാണം എന്ന പ്രോജക്ടിന് 5,15,000 രൂപ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചിരുന്നു. ഇത് പിന്നീടുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി തുടരുന്നുണ്ട്. പ്രാദേശികമായ തർക്കം നിലനിൽക്കുന്നതിനാൽ റോഡ് നിർമ്മാണം ആരംഭിക്കാൻ ഇതുവരെ സാധിച്ചില്ല. ഇനിയും ഇതിന്റെ നിർമ്മാണം തുടങ്ങാൻ ബുദ്ധിമുട്ടാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ തുക ഉപയോഗിച്ച് ആറാം വാർഡിലെ തന്നെ മട്ടലിപ്പാടം റോഡ് നിർമ്മാണം എന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.35 <u>പനവൂർ ഗ്രാമപഞ്ചായത്ത്</u>**

**<u>പഞ്ചായത്തു</u> ഡയറക്ടറുടെ 15.07.2022 ലെ** PAN/10191/2022**-ാം നമ്പർ കത്തും പനവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.06.2022 ലെ കത്തും പനവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.05.2022 ലെ 9(1)-ാം നമ്പർ തീരുമാനവും (SRG 998/22** - LSGD - DB1/235/22 - LSGD**).**

**വിഷയം:-** പോലീസ് സ്റ്റേഷനുവേണ്ടി കെട്ടിടം വിട്ടുനൽകുന്നത് സംബന്ധിച്ച്.

പനവൂർ ഗ്രാമപഞ്ചായത്തിൽ പനവൂർ ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ പോലീസ് വകുപ്പ് ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനായി അടിസ്ഥാന സൗകര്യത്തോടെ ഒരു കെട്ടിടം അനുവദിക്കണമെന്ന് ഗ്രാമപഞ്ചായത്തിനോടു പോലീസ് അധികാരികൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ശുചിത്വമിഷന്റെ സഹായത്തോടെ 2014-15 ൽ ഒരു അറവുശാലയുടെ നിർമ്മാണം ആരംഭിച്ചിരുന്നു. ആദ്യഗഡുവായി 20.00 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 18.99 ലക്ഷം രൂപ ഉപയോഗിച്ചു സ്ട്രക്ചർ പണിതു. 49.00 ലക്ഷം രൂപയുടെ അടങ്കലിൽ ആരംഭിച്ച പ്രവൃത്തിക്ക് ബാക്കി പണം ശുചിത്വമിഷൻ നൽകിയില്ല. ഈ കെട്ടിടം ഇപ്പോൾ നിർജ്ജീവ ആസ്തിയായി നിലനിൽക്കുന്നു. ഈ കെട്ടിടം പോലീസ് സ്റ്റേഷന് താല്ക്കാലികമായി വിട്ടുനൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.36 <u>അന്നമനട ഗ്രാമപഞ്ചായത്ത്</u>**

**അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.07.2022 ലെ കത്തും അന്നമനട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.05.2022 ലെ 25/1-ാം നമ്പർ തീരുമാനവും (SRG 996/22** - LSGD - RC2/212/2022-LSGD**).**

**വിഷയം:-** ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിന്റെ വാടകകുടിശ്ശിക ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച്.

അന്നമനട ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 4/398 C കടമുറിയിൽ ശ്രീ അശോകൻ കണ്ണവേലിത്തറ എന്നയാൾ മീൻകച്ചവടം നടത്തി വരികയായിരുന്നു. 2020 ജൂൺ മുതൽ 2022 മാർച്ച് വരെ ഇതിനു വാടക നൽകിയില്ല. ആകെ 10,854 രൂപ. ഗ്രാമപഞ്ചായത്ത്

റെവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. അശോകൻ 07.10.2021 ൽ മരണപ്പെട്ടു. വളരെക്കാലം ചികിത്സയിലായതിനാൽ ഇവർക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ഇവരുടെ വാടക കുടിശ്ശിക ഒഴിവാക്കി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.37 <u>കുറ്റ്യാടി ഗ്രാമപഞ്ചായത്ത്</u>**

**കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2022 ലെ കത്ത് (SRG 995/22).**

**വിഷയം:-** ഗ്രാമന്യായാലയം പ്രവർത്തിക്കുന്ന കെട്ടിടത്തിന് അടിസ്ഥാന സൗകര്യം സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ അഞ്ചുവർഷമായി ഗ്രാമന്യായാലയം പ്രവർത്തിക്കുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ കെട്ടിടത്തിൽ സൗകര്യകുറവുണ്ട്. ഈ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യമൊരുക്കാൻ 1.00 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.38 <u>ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്</u>**

**ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.09.2022 ലെ** LP/832/20220917–**ാം നമ്പർ കത്തും 21.12.2020 ലെ 2358/20/തസ്വഭവ സർക്കാർ ഉത്തരവും അനുബന്ധരേഖകളും (SRG 1062/22).**

**വിഷയം:- KSEB** സെക്ഷൻ ഓഫീസ് കെട്ടിടത്തിനു വാടക നൽകുന്നതു സംബന്ധിച്ച്.

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് **KSEB** 01.10.2020 – ന് പുതിയ സെക്ഷൻ ഓഫീസ് ആരംഭിച്ചു. സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകണമെന്നും പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ കെട്ടിടം വാടകയ്ക്ക് എടുത്ത് നൽകണമെന്നുമായിരുന്ന ധാരണ. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ പ്രതിമാസം 15,000 രൂപ നിരക്കിൽ കെട്ടിടം ഗ്രാമപഞ്ചായത്ത് രണ്ടു വർഷത്തേക്ക് വാടകയ്ക്കെടുത്തു നൽകി. ഇതിന്റെ കാലാവധി 30.09.2022 നു പൂർത്തിയായി. ഇനി ഗ്രാമപഞ്ചായത്ത് വാടക നൽകുകയില്ലെന്ന് **KSEB** യെ അറിയിച്ചുവെങ്കിലും തീരുമാനം പുനഃപരിശോധിക്കണമെന്ന് **KSEB** ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സൗജന്യമായി സ്ഥലം **KSEB** ക്ക് നൽകാത്തതിനാൽ ഗ്രാമപഞ്ചായത്തു തന്നെ വാടക നൽകണമെന്ന് **KSEB** എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ രണ്ടു വർഷക്കാലത്തേക്കു കൂടി കാലാനുസൃതമായി വാടക വർദ്ധിപ്പിച്ച് കുടിശ്ശികയടക്കം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.39 <u>ഏറത്ത് ഗ്രാമപഞ്ചായത്ത്</u>**

**ഏറത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2022 ലെ കത്തും ഏറത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.07.2022 ലെ 1(5)–ാം നമ്പർ തീരുമാനവും (SRG 1027/22).**

**വിഷയം:-** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവ നടത്തുന്നതു സംബന്ധിച്ച്.

മെയിന്റനൻസ് നടത്തേണ്ട റോഡുകളുടെ തുക വകയിരുത്തിയതിനുശേഷം ബാക്കിയുള്ള തുക ഉപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. 28.11.2012 ലെ 68228/**FM1/2012/** തസ്വഭവ സർക്കുലർ പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയവ നടത്താൻ അനുമതിയുണ്ട്. കൈമാറി കിട്ടിയ റോഡുകൾക്ക് അറ്റകുറ്റപ്പണി ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുക്കണമെന്ന് സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ റോഡ് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.40 <u>ചിതറ ഗ്രാമപഞ്ചായത്ത്</u>**

**ചിതറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.09.2022 ലെ കത്ത് (SRG 917/2022).**

**വിഷയം:-** മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ശ്മശാന നിർമ്മാണം, റോഡു നിർമ്മാണം എന്നിവയ്ക്ക് അനുമതി സംബന്ധിച്ച്.

| | | | |
|---|---|---|---|
| i) | *പ്രോ.നം: 135/23* | *അടങ്കൽ* | *9,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)* |
| | *പേര്* | *ശ്മശാനത്തിനായി വാങ്ങിയ ഭൂമിക്ക് ചുറ്റുമതിൽ നിർമ്മാണം.* | |
| ii) | *പ്രോ.നം: 134/23* | *അടങ്കൽ* | *10,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)* |
| | *പേര്* | *ശ്മശാനത്തിലേക്കുള്ള റോഡ് നിർമ്മാണം* | |
| iii) | *പ്രോ.നം: 186/23* | *അടങ്കൽ* | *20,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)* |
| | *പേര്* | **ക്രിമിറ്റോറിയം, കെട്ടിട നിർമ്മാണം** | |
| iv) | *പ്രോ.നം: 163/23* | *അടങ്കൽ* | *2,73,672 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)* |
| | *പേര്* | *ഗ്യാസ് ക്രിമിറ്റോറിയം* | |

ശ്മശാനം നിർമ്മിക്കുന്നതിന് കഴിഞ്ഞവർഷം 32.80 ആർ സ്ഥലം വാങ്ങിയിരുന്നു. ഇവിടെ ശ്മശാനം നിർമ്മിക്കുന്നതിന് മുകളിൽ പറഞ്ഞ പ്രോജക്ടുകൾ ഈ വർഷം ഏറ്റെടുത്തിട്ടുണ്ട്. ഇവയിൽ ക്രമ.നം. **I, ii, iii** ന് റോഡ് മെയിന്റനൻസ് ഗ്രാന്റും ക്രമ.നം. **iv** ന് നോൺ റോഡ് മെയിന്റിൻസ് ഗ്രാന്റുമാണ് വകയിരുത്തിയിരിക്കുന്നത്. ഇവയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവു ന്നതല്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മതിയായ മറ്റു വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതു കൊണ്ട് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മുകളിൽ പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.41 <u>വയനാട് ജില്ലാ ആസൂത്രണ സമിതി</u>**

**വയാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.08.2022 ലെ കത്ത് (SRG 947/22 – CC /507/2022).**

**വിഷയം:–** റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡ് ടാറിംഗിന് അനുമതി സംബന്ധിച്ച്.

റോഡു നിർമ്മാണത്തിന്റെ ഭാഗമായി സോളിംഗ് നടത്തിയ നിരവധി റോഡുകൾ ടാറിംഗ് നടത്താതെ ജില്ലയിൽ ഉണ്ട്. വികസനഫണ്ടിന്റെ കുറവു മൂലം ഇത്തരം ടാറിംഗ് പ്രവർത്തികൾ ഏറ്റെടുക്കാൻ കഴിയുന്നില്ല. ആയതിനാൽ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും നിശ്ചിത ശതമാനം തുക മണ്ണ് / സോളിംഗ്, റോഡു ടാറിംഗ് നടത്തുന്നതിന് 18.07.2022 ലെ ജില്ലാ ആസൂത്രണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.42 <u>കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്</u>**

**കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2022 ലെ കത്ത് (SRG 936/22).**

**വിഷയം:** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ മെയിന്റനൻസ് നടത്തിയതിനുശേഷം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**4.43 <u>ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.08.2022 ലെ കത്തും ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.07.2022 ലെ 1(6)–ാം നമ്പർ തീരുമാനവും (SRG 902/22 – CC/452/2022).**

**വിഷയം:** എസ്റ്റേറ്റ് പ്രദേശത്തെ റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 156/23* | *അടങ്കൽ* | *5,18,000 രൂപ*<br>*(റോഡ് മെയിന്റനൻസ് ഫണ്ട്)* |
| *പേര്* | *മലക്കപ്പാറ ഹോസ്പിറ്റൽ റോഡ് അറ്റകുറ്റപ്പണി* | |

ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ 11–ാം വാർഡിലുള്ള ഈ റോഡ് ടാറ്റാ കോഫി ലിമിറ്റഡിന്റെ എസ്റ്റേറ്റ വഴിയാണ് കടന്നു പോകുന്നത്. വർഷങ്ങളായി ഈ റോഡിന്റെ അറ്റകുറ്റപ്പണി എസ്റ്റേറ്റ് കമ്പനി നടത്തുന്നില്ല. അതിനാൽ ഈ റോഡ് മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.44 <u>പാനൂർ ബ്ലോക്ക് പഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.08.2022 ലെ കത്തും പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022ലെ 5(1) 22-23-ാം നമ്പർ തീരുമാനവും (SRG 913/22 - CC /454/22).**

**വിഷയം:-** ബ്ലോക്കു പഞ്ചായത്ത് സമുച്ചയത്തിന് അറ്റകുറ്റപ്പണി സംബന്ധിച്ച്.

| *പ്രോ.നം: 59/23* | *അടങ്കൽ* | *8,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
|---|---|---|
| *പേര്* | *ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനു പെയിന്റിംഗും അറ്റകുറ്റ പ്രവൃത്തികളും* | |

ബ്ലോക്കുപഞ്ചായത്ത് ഓഫീസും ഘടക സ്ഥാപനങ്ങളായ ശിശുവികസന ഓഫീസ്, പട്ടികജാതി വികസന ഓഫീസ്, കൃഷി അസി.ഡയറക്ടറുടെ ഓഫീസ്, ക്ഷീര വികസന ഓഫീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് എന്നിവ ഒറ്റകെട്ടിടത്തിലാണ്. ഈ കെട്ടിട സമുച്ചയത്തിന്റെ പെയിന്റിംഗിനും അറ്റകുറ്റപ്പണിക്കും നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

4.45 <u>പാനൂർ ബ്ലോക്ക് പഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.08.2022 ലെ കത്തും പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 ലെ 5(1)/22-23-ാം നമ്പർ കത്തും (SRG 914/22 - CC /453/22).**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 71/23* | *അടങ്കൽ* | *20,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)* |
|---|---|---|
| *പേര്* | *ബ്ലോക്ക് ഓഫീസ് സമുച്ചയത്തിൽ ലിഫ്റ്റ് സ്ഥാപിക്കൽ* | |

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയത്തിൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.46 <u>ചിങ്ങോലി ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022ലെ കത്ത് (SRG 911/22 - CC/476/22).**

**വിഷയം:** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പാലം നിർമ്മിക്കുന്നതു സംബന്ധിച്ച

| *പ്രോ.നം: 83/23* | *അടങ്കൽ* | *37,00,000 രൂപ* |
|---|---|---|
| | *മെയിന്റനൻസ് ഗ്രാന്റ് റോഡ്* | *36,83,244 രൂപ* |
| | *തനത് ഫണ്ട്* | *16,756 രൂപ* |
| *പേര്* | *തയ്യിൽ പാലം നിർമ്മാണം* | |

ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാർത്തികപ്പള്ളി വെമ്പുഴ റോഡ് PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികളിലേക്ക് കടക്കുന്നു. ഈ റോഡിൽ ഗ്രാമപഞ്ചായത്തിലെ 1, 13 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തയ്യിൽ പാലം ഇപ്പോൾ അപകടാവസ്ഥയിലാണ്. PMGSY പദ്ധതിയിൽ റോഡിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പാലത്തിന് കേടുപാടുകൾ ഇല്ലാതിരുന്നതിനാൽ പാലത്തിന്റെ നിർമ്മാണം എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) ഉപയോഗിച്ച് പാലം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.47 <u>തലശ്ശേരി ബ്ലോക്കു പഞ്ചായത്ത്</u>

<u>കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2022 ലെ കത്തും (4എണ്ണം) തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25.08.2022 ലെ 58F/22-23-ാം നമ്പർ തീരുമാനവും</u> (SRG 966/22 - CC/523/22, SRG 965/22 - CC/519/22, SRG 987/22 - CC/520/22, SRG 986/22 - CC/521/22).

**വിഷയം:-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് വിവിധ പ്രവൃത്തികൾ ചെയ്യുന്നതു സംബന്ധിച്ച്.

| | | | |
|---|---|---|---|
| i) | ***പ്രോ.നം: 68/23*** | ***അടങ്കൽ*** | ***20,14,000 രൂപ*** *(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| | ***പേര്*** | ***ബ്ലോക്ക് ഓഫീസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നവീകരണം*** | |
| ii) | ***പ്രോ.നം: 55/23*** | ***അടങ്കൽ*** | ***8,50,000 രൂപ*** *(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| | ***പേര്*** | ***ആധുനിക കോൺഫറൻസ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം പ്രൊജക്ടർ എന്നീ സംവിധാനം ഒരുക്കൽ*** | |
| iii) | ***പ്രോ.നം: 56/23*** | ***അടങ്കൽ*** | ***5,00,000 രൂപ*** *(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| | ***പേര്*** | ***ബ്ലോക്ക് ഓഫീസ് നവീകരണം*** | |
| iV) | ***പ്രോ.നം: 64/23*** | ***അടങ്കൽ*** | ***4,50,000 രൂപ*** *(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| | ***പേര്*** | ***ബ്ലോക്ക് കാന്റീൻ നവീകരണം*** | |

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് 2022-23 വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വിഭാഗത്തിൽ 64.18 ലക്ഷം രൂപയാണ് ലഭിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിനു കൈമാറി കിട്ടിയ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, CDPO ഓഫീസ് (2എണ്ണം) എന്നിവ വാടകകെട്ടിടത്തിലും ക്ഷീരവികസന ഓഫീസ് തലശ്ശേരി മിനി സിവിൽ സ്റ്റേഷൻ ഓഫീസിലുമാണ് പ്രവർത്തിക്കുന്നത്. പിണറായി സി.എച്ച്.സിക്കു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളു. ഇതിനടക്കം നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് 26.04 ലക്ഷം രൂപയുടെ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പിണറായി സി.എച്ച്.സിക്ക് നബാർഡ് ധനസഹായത്തോടെ 19.75 കോടി രൂപയുടെ കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാൻ കഴിയാത്ത ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.48 <u>ബഹു. മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി</u>**

**<u>ബഹു. മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രിയുടെ 28.08.2022 ലെ 599/</u>**<u>Min (AH &DD) 2022-</u> **<u>ാം നമ്പർ കത്തും 03.09.2022 ലെ</u>** <u>DA1/306/2022/</u>**<u>തസ്വഭവ നമ്പർ സർക്കാർ കത്തും</u>** **(SRG 915/22).**

**വിഷയം:-** ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി നൽകുന്നതു സംബന്ധിച്ച്.

ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്കു ഒരു ലിറ്റർ പാലിനു 3 രൂപ ക്രമത്തിൽ സബ്സിഡിയായി തദ്ദേശഭരണസ്ഥാപനങ്ങൾ കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നുണ്ട്. പാൽ സബ്സിഡി നൽകുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

1) ജൂലൈ മുതൽ 9 മാസത്തേക്ക് ലഭ്യമായ തുക ഫലപ്രദമായി നൽകുന്നതിനായി ജൂലൈ മാസത്തിൽ ക്ഷീരകർഷകർ സംഘങ്ങളിൽ നൽകിയ പാലിന്റെ അളവ് കണക്കാക്കി സെപ്റ്റംബർ ആദ്യവാരം മിൽക്ക് ഇൻസെന്റീവ് (പാലിനു സബ്സിഡി) വിതരണം ചെയ്യുന്നതിന് അനുവാദം നൽകണം. തുടർന്ന് ആഗസ്റ്റിൽ നൽകിയ പാലിന്റെ അളവ് അടിസ്ഥാനമാക്കി ഒക്ടോബർ ആദ്യവാരം നൽകണം. ഈ ക്രമത്തിൽ ഈ സാമ്പത്തിക വർഷം തുക വിതരണം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം.

2) കഴിഞ്ഞ വർഷത്തെ ഇതേ പദ്ധതിക്കായി മാറ്റിവെച്ച പദ്ധതി വിഹിതത്തിന്റെ സ്പിൽ ഓവർ തുകയും ഈ വർഷത്തെ പദ്ധതി വിഹിതമായി കണക്കാക്കി ഇതേ രീതിയിൽ വിതരണം ചെയ്യാൻ അനുമതി നൽകണം.

3) ഓരോ വർഷവും മൊത്തം ക്ഷീരകർഷകരുടേയും ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമാക്കണമെന്ന നിബന്ധന ഒഴിവാക്കി കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും മാത്രം ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമാക്കാൻ അനുമതി. ഇത്തരത്തിലുള്ള ലിസ്റ്റിന് അംഗീകാരം ലഭിക്കുന്നത് വരെ കാത്തിരിക്കാതെ നിലവിൽ പുതിയ തദ്ദേശഭരണസ്ഥാപന ഭരണസമിതിയും ഗ്രാമസഭകളും അംഗീകരിച്ച ഏറ്റവും ഒടുവിലത്തെ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മിൽക്ക് ഇൻസെന്റീവ് വിതരണം ആരംഭിക്കാൻ നിർദ്ദേശം നൽകുക.

4) പാൽ സബ്സിഡിക്കായി പ്രോജക്ട് ഏറ്റെടുത്ത എല്ലാ തദ്ദേശഭരമസ്ഥാപനങ്ങളോടും മേൽ പ്രകാരം ബിൽ തയ്യാറാക്കി സെപ്റ്റംബർ ഒന്നിന് തന്നെ അവരുടെ നിർവഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ സമർപ്പിച്ചു എന്ന് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകണം.

5) ഈ വർഷം ഈ ഇനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നീക്കിവെച്ച തുക ഉപയോഗിച്ച് അടുത്ത വർഷത്തേക്ക് നൂതനമായ പദ്ധതികൾ തയ്യാറാക്കാൻ ക്ഷീരവികസന വകുപ്പ് മുൻകൈ എടുത്തിട്ടുണ്ട്. ഇതുമായി സഹകരിച്ച് പ്രവർത്തിക്കാനും പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യാനും **KILA** യിൽ ഒരു **Single point of contact** നെ ചുമതലപ്പെടുത്തണം.

4.49 <u>ആറന്മുള ഗ്രാമപഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2022 ലെ കത്ത് (SRG 750/22 – CC/448/22).**

**വിഷയം :–** പള്ളിവിളക്കുകൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 269/23* | *അടങ്കൽ* | *20,000 രൂപ (തനതുഫണ്ട്)* |
| *പേര്* | *പള്ളിവിളക്കുകൾക്ക് ധനസഹായം* | |

ആറന്മുള ഗ്രാമപഞ്ചായത്തിലെ നീർവിളാകം, പള്ളിമുക്കം ക്ഷേത്രങ്ങളിൽ തടിയിൽ നിർമ്മിച്ച പൈതൃക കലാരൂപമായ പള്ളിവിളക്കുകൾ ഉത്സവകാലത്ത് പ്രകാശിപ്പിക്കാറുണ്ട്. ഈ വിളക്കുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ധനസഹായത്തിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.50 <u>ആറന്മുള ഗ്രാമപഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2022 ലെ കത്ത് (SRG 751/22 – CC/447/22).**

**വിഷയം :–** പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 185/23* | *അടങ്കൽ* | *1,75,000 രൂപ (തനതുഫണ്ട്)* |
| *പേര്* | *പള്ളിയോടങ്ങൾക്ക് ഗ്രാന്റ്* | |

ആറന്മുള ഉതൃട്ടാതി വള്ളംകളിയിൽ ആറന്മുള ഗ്രാമപഞ്ചായത്തിലെ 7 പള്ളിയോടങ്ങൾ പങ്കെടുക്കാറുണ്ട്. ഈ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.51 <u>പന്തളം ബ്ലോക്ക് പഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.2022 ലെ കത്തും പന്തളം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.08.2022 ലെ 1(1)–ാം നമ്പർ തീരുമാനവും (SRG 894/2022 – CC/462/2022).**

**വിഷയം:–** പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 53/23* | *അടങ്കൽ* | *70,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *പള്ളിയോടങ്ങൾക്ക് ഗ്രാന്റ്* | |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 7 പള്ളിയോടങ്ങൾക്ക് 10,000 രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.52 <u>വേങ്ങര ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.8.2022 ലെ കത്ത് (SRG 901/22 – CC/376/2022).**

**വിഷയം:–** പൊതുവിഭാഗത്തിന് കുടിവെള്ള ടാങ്ക് വിതരണം.

| | | |
|---|---|---|
| *പ്രോ.നം: 8/22* | ***അടങ്കൽ*** | ***18,63,000 രൂപ*** |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | ***13,97,250 രൂപ*** |
| | *ഗുണഭോക്തൃ വിഹിതം* | ***4,65,750 രൂപ*** |
| ***പേര്*** | ***കുടിവെള്ള ടാങ്ക് വിതരണം*** | |

കുടിവെള്ളം സംഭരിക്കുന്നതിന് പൊതു വിഭാഗത്തിന് ടാങ്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.53 <u>തുറവൂർ ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2022 ലെ കത്തും തുറവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.06.2022 ലെ 29(1)–ാം നമ്പർ തീരുമാനവും (SRG 651/22 – CC /388/22).**

**വിഷയം:–** പൊതു വിഭാഗത്തിന് വാട്ടർ ടാങ്ക് വിതരണം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 18/23* | ***അടങ്കൽ*** | ***38,60,000 രൂപ*** |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | ***29,71,000 രൂപ*** |
| | *ഗുണഭോക്തൃ വിഹിതം* | ***8,89,000 രൂപ*** |
| ***പേര്*** | ***മഴവെള്ള സംഭരണ പി.വി.സി ടാങ്ക് വാങ്ങി നൽകൽ*** | |

പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് കുടിവെള്ള ടാങ്ക് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.54 <u>മണിമല ഗ്രാമപഞ്ചായത്ത്</u>**

**മണിമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.09.2022 ലെ** SC2–01/22–ാം **നമ്പർ കത്ത് (SRG 982/22).**

**വിഷയം:–** ഓഫീസിന് വാഹനം വാങ്ങൽ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ നിലവിലെ വാഹനം ലേലം ചെയ്തു. തനതുഫണ്ടുപയോഗിച്ച് പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലേക്ക് വാഹനം വാങ്ങുന്നതിന് പരമാവധി 13 ലക്ഷം രൂപ ഉപയോഗിക്കാം. ഗ്രാമപഞ്ചായത്ത് വാങ്ങാനുദ്ദേശിക്കുന്ന മഹേന്ദ്ര കമ്പനിയുടെ മരാസോ 7 സീറ്റർ വാഹനത്തിന് 13 ലക്ഷം രൂപ വിലയാകും. ടാക്സും അനുബന്ധചെലവുമുൾപ്പടെ 2.00 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. ഇതു കൂടി ഉൾപ്പെടുത്തി വാഹനം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.55 <u>എറണാകുളം ജില്ലാപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2022 ലെ കത്തുകളും (2 എണ്ണം) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ടും അനുബന്ധരേഖകളും (SRG 748/22 – CC/423/22).**

**വിഷയം:–** മത്സ്യകൃഷിക്കുള്ള പ്രോജക്ട് ഏറ്റെടുക്കുന്നത് സംബന്ധിച്ച്.

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് മുറ്റത്തൊരു മീൻതോട്ടം എന്ന പ്രോജക്ട് ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് ഏറ്റെടുക്കാവുന്നത്

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. ഈ പദ്ധതി ജില്ലയിലാകെ നടപ്പാക്കാൻ ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നു. അതിനാൽ ഈ പ്രോജക്ട് ജില്ലാ പഞ്ചായത്തു മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.56 <u>പന്തളം ബ്ലോക്ക് പഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2022 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2022 ലെ B- 1447/22 -ാം നമ്പർ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 09.06.2022 ലെ 9 (1)-ാം നമ്പർ തീരുമാനവും അനുബന്ധകുറിപ്പും (SRG 749/22 - CC/437/22).**

**വിഷയം:-** പട്ടികജാതി സങ്കേതങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്

പന്തളം ബ്ലോക്ക് പഞ്ചായത്ത് 2012-13 വാർഷിക പദ്ധതിയിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന പ്രോജക്ടുകൾ എടുത്തിരുന്നു. ആകെ 63 സ്ഥലങ്ങളിലായി സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാനായിരുന്നു ലക്ഷ്യം.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | തുക (എസ്.സി.പി) |
|---|---|---|---|
| 1 | 175/12-13 | കുളനട ഡിവിഷനിൽ പട്ടികജാതി കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 2 | 178/12-13 | പന്തളം പഞ്ചായത്ത് 11,12,13 വാർഡുകളിലെ കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 3 | 179/12-13 | ബ്ലോക്ക് പഞ്ചായത്തിന്റെ ഡിവിഷൻ 9 ലെ കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 4 | 183/12-13 | ബ്ലോക്ക് പഞ്ചായത്തിന്റെ മുടിയൂർക്കോണം ഡിവിഷനിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 5 | 184/12-13 | ഉളനാട് ഡിവിഷനിൽ പുന്നക്കുന്ന് കാളുവേലി കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 6 | 193/12-13 | കീരുക്കുഴി ഡിവിഷനിൽ പട്ടികജാതി കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ | 6,00,000 രൂപ |
| 7 | 194/12-13 | മുടിയൂർക്കോണം ഡിവിഷനിൽ ചേരിക്കൽ കോളനി പുതുവന കോളനി മന്നത്ത് കോളനി, പ്ലാവില കോളനി, ദൈവത്തറ കോളനി, പൂഴയിൽ കോളനി തുടങ്ങിയ സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 5,65,058 രൂപ |
| | | **ആകെ** | **18,40,050 രൂപ** |

ഈ തുക അനെർട്ടിൽ ഡിപ്പോസിറ്റ് ചെയ്തു. 2013-14 ൽ അനെർട്ട് ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്തി പ്രവൃത്തി ഏൽപ്പിച്ചു. എന്നാൽ പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഈ കാലയളവിൽ ഒരു ലൈറ്റിന് 30,000 രൂപ വീതം സർക്കാർ സബ്സിഡി

ഉണ്ടായിരുന്നു. ഇപ്പോൾ സർക്കാർ സബ്സിഡി ഇല്ല. അതിനാൽ അനെർട്ടിൽ ഡിപ്പോസിറ്റ് ചെയ്ത തുകയ്ക്ക് മുഴുവൻ വിളക്കുകളും സ്ഥാപിക്കാൻ കഴിയില്ല എന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്.

ആദ്യം തെരഞ്ഞെടുത്ത പട്ടികജാതി സങ്കേതങ്ങളിൽ 21 എണ്ണം പുതിയതായി രൂപീകരിച്ച പന്തളം നഗരസഭാ പ്രദേശത്തു വരുന്നതാണ്. ശേഷിക്കുന്ന 18 സങ്കേതങ്ങൾ പന്തളം ബ്ലോക്കു പഞ്ചായത്തു പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. താഴെ പറയുന്ന ഈ സങ്കേതങ്ങളിൽ 35,000 രൂപ നിരക്കിൽ സോളാർ ലൈറ്റ് സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ പ്രവൃത്തി ഭാഗികമായി നടന്നിട്ടുണ്ട്. ഇതിനായി തദ്ദേശഭരണവകുപ്പിന് നേരിട്ടു കത്തയച്ചിട്ടുണ്ടെന്നും ഇപ്പോൾ വിഷയം ഊർജ്ജവകുപ്പിന്റെ പരിഗണനയിലാണെന്നും അറിയിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റി ഒഴികെയുള്ള പന്തളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന സൗരോർജ്ജ വിളക്ക് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്ത കോളനികളുടെ ലിസ്റ്റ്

| ക്രമ നമ്പർ | സോളാർ ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലം | കുറിപ്പ് |
|---|---|---|
| 1 | ആൽത്തറപ്പാട്ട് ജംഗ്ഷൻ 8–ാം വാർഡ് കുളനട ഗ്രാമപഞ്ചായത്ത് | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 2 | കാളുവേലി കോളനി 7–ാം വാർഡ് കുളനട ഗ്രാമപഞ്ചായത്ത് | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 3 | ഇടവട്ടം കോളനി 6–ാം വാർഡ് കുളനട ഗ്രാമപഞ്ചായത്ത് | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 4 | കുമ്പിൾ മോടി കോളനി – കുളനട ഡിവിഷൻ | പോസ്റ്റും ബാറ്ററി സ്റ്റാന്റും സൈറ്റിൽ ഇറക്കിവെച്ചിട്ടുണ്ട്. |
| 5 | കുറകുളഞ്ഞി കോളനി – കുളനട ഡിവിഷൻ | പോസ്റ്റും ബാറ്ററി സ്റ്റാന്റും സൈറ്റിൽ ഇറക്കിവെച്ചിട്ടുണ്ട്. |
| 6 | ആലവട്ടക്കുറ്റി കോളനി – കുളനട ഡിവിഷൻ | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 7 | കരിയറ കോളനി – കുളനട ഡിവിഷൻ (പാലക്കാട്ടുമോടി കോളനി) | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 8 | വാലുകുറ്റി – കുളനട ഡിവിഷൻ | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് |

| | | |
|---|---|---|
| | | പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 9 | മലേതിൽ കോളനി – കീരുകുഴി ഡിവിഷൻ കീരുകുഴി ഭാഗം – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 10 | മൂർത്തിവിള കോളനി (തട്ടയിൽ വാർഡ് ) | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 11 | കീച്ചേരി ഏലാപ്പടി കോളനി – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 12 | ഐ.എച്ച്.ഡി.പി കോളനി – (മങ്കുഴി വാർഡ് ) – 3 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 13 | കൊയാട്ടുകുറ്റി കോളനി –3 എണ്ണം (കീരുകുഴി വാർഡ് ) | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 14 | കുമ്പഴകുറ്റി കോളനി – ഇടമാലി വാർഡ് – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 15 | തേവരകുറ്റി കോളനി – ഇടമാലി വാർഡ് – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 16 | കുഴിക്കാല കോളനി – ഇടമാലി വാർഡ് | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 17 | ലക്ഷംവീട് കോളനി – പാറക്കര – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 18 | ഉടയാം മുരുപ്പ് കോളനി – മല്ലിക വാർഡ് 3 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |

4.57 <u>പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2022 ലെ കത്തും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2022 ലെ 12(1)–ാം നമ്പർ തീരുമാനവും (SRG 716/22 – CC/406/22).**

**വിഷയം :–** കന്നുകുട്ടി / കാളകുട്ടി പരിപാലനം

പ്രത്യേക കന്നുകുട്ടി പരിപാലനത്തിന് ധനസഹായം നൽകാൻ മാർഗ്ഗരേഖയിൽ അനുമതിയുണ്ട്. പൊതു/പട്ടികജാതി വിഭാഗത്തിന് തദ്ദേശഭരണസ്ഥാപന വിഹിതം 6250 രൂപ, സംസ്ഥാന വിഹിതം 6250 രൂപ, ഗുണഭോക്തൃ വിഹിതം 12,500 രൂപ എന്നിങ്ങനെയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം സബ്സിഡി നൽകാം. സംസ്ഥാന വിഹിതമായ 6250 രൂപ ലഭിക്കാതെ വന്നാൽ ഈ തുക കൂടി തദ്ദേശഭരണസ്ഥാപനത്തിൽ നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.58 <u>ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.09.2022 ലെ കത്തുകളും (2 എണ്ണം) ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.08.2022 ലെ II (1)–ാം നമ്പർ തീരുമാനവും (SRG 960/22 – CC/482/22).**

**വിഷയം :–** അടുക്കള മെച്ചപ്പെടുത്തൽ (സ്മാർട്ട് കിച്ചൻ) സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 97/23* | *അടങ്കൽ* | *15,00,000 രൂപ*<br>*(വികസനഫണ്ട് – ജനറൽ)* |
| *പേര്* | *സ്മാർട്ട് കിച്ചൺ – വനിത* | |

അർഹരായ ഗുണഭോക്താക്കൾക്ക് നിലവിലുള്ള അടുക്കളയിൽ കിച്ചൺ സ്ലാബ് നിർമ്മാണം, സ്ലാബ് ഗ്രാനൈറ്റ് / മാർബിൾ/ടൈൽ എന്നിവ ഉപയോഗിച്ച് വൃത്തിയാക്കൽ, അടുക്കളയുടെ തറ ടൈൽസ് പാകൽ, കിച്ചൺ സിങ്ക് സ്ഥാപിക്കൽ, പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കൽ, അടുക്കളയിൽ സാധനങ്ങൾ സൂക്ഷിക്കുന്നതിന് റാക്ക്, അലമാര എന്നിവ സ്ഥാപിക്കൽ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനം. ഒരു ഗുണഭോക്താവിന് 60,000 രൂപ വീതം നൽകാനാണ് ഉദ്ദേശിക്കുന്നത്. ആകെ 25 ഗുണഭോക്താക്കൾ. വനിതാ ഘടകപദ്ധതിയിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.59 <u>ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.09.2022 ലെ കത്തുകളും (2 എണ്ണം) ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.08.2022 ലെ II (1)–ാം നമ്പർ തീരുമാനവും (SRG 959/22 – CC/483/22).**

**വിഷയം:–** അടുക്കള മെച്ചപ്പെടുത്തൽ (സ്മാർട്ട് കിച്ചൻ) സംബന്ധിച്ച്.

| പ്രോ.നം: 135/23 | അടങ്കൽ | 16,25,000 രൂപ (എസ്.സി.പി) |
|---|---|---|
| പേര് | സ്മാർട്ട് കിച്ചൺ – എസ്.സി. വനിത | |

അർഹതയുള്ള ഗുണഭോക്താക്കൾക്ക് നിലവിലുള്ള സ്ലാബിലെ മുകൾവശം 2 അടി ഉയരത്തിൽ ടൈൽ പാകൽ, പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കൽ, കിച്ചൺ സിങ്ക് സ്ഥാപിക്കൽ, അടുക്കളയുടെ തറ ടൈൽപാകി വൃത്തിയാക്കൽ, അടുക്കളയിൽ സാധനങ്ങൾ സൂക്ഷിക്കുന്നതിന് റാക്ക്, അലമാര എന്നിവ സ്ഥാപിക്കൽ തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ. ഒരു ഗുണഭോക്താവിന് 65,000 രൂപ വീതം നൽകുന്നു. ആകെ 25 ഗുണഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. വനിതാഘടക പദ്ധതിയിലാണ് പ്രോജക്ട് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.60 <u>കോട്ടുകാൽ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.08.2022 ലെ A2-1143/2022-ാം നമ്പർ കത്ത് (SRG 1000/22 ).**

**വിഷയം :-** തെരുവുവിളക്ക് മെയിന്റനൻസ് സംബന്ധിച്ച്

| പ്രോ.നം: 1/23 | അടങ്കൽ | 12,92,000 രൂപ |
|---|---|---|
| പേര് | തെരുവു വിളക്ക് മെയിന്റനൻസ് | |

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കിന്റെ അറ്റകുറ്റപ്പണിക്ക് 2021-22 ൽ ശ്രീ സുരേഷ് കുമാർ പി, എസ്.ബി. ഇലക്ട്രിക്കൽ വർക്സ്, ഉച്ചക്കട എന്നയാളെയാണ് ടെണ്ടറിലൂടെ ചുമതലപ്പെടുത്തിയത്. ഇയാൾ സമർപ്പിച്ച ടെണ്ടർ KSEB യുടെ അംഗീകൃത നിരക്കിനേക്കാൾ വിളക്കുകളുടെ മെയിന്റനൻസിന് 11 ശതമാനവും പുതിയ വിളക്കുകൾക്ക് 4.5 ശതമാനവും കുറവാണ്. ഇയാൾ തെരുവ് വിളക്ക് പരിപാലനം കുറ്റമറ്റരീതിയിലാണ് നടത്തിയിട്ടുള്ളത്. അതിനാൽ 21.03.2022 ലെ ഭരണസമിതി തീരുമാന പ്രകാരം ഇയാൾക്കു തന്നെ ടെണ്ടർ കാലാവധി പുതുക്കി നിശ്ചയിച്ച് 2022-23 ലെ തെരുവ് വിളക്ക് മെയിന്റനൻസും ഏല്പിച്ചു. ഇങ്ങനെ പഴയ കരാറുകാരനു തന്നെ പ്രവൃത്തി ഏല്പിക്കാൻ ഭരണസമിതി തീരുമാനമെടുത്തപ്പോൾ പുതിയ ടെണ്ടർ വിളിക്കണമെന്ന് സെക്രട്ടറി അറിയിച്ചിരുന്നുവെങ്കിലും പുതിയ ടെണ്ടർ ക്ഷണിച്ചാൽ നിരക്ക് വർദ്ധിക്കാനും അതുവഴി അധിക ചെലവ് വരാൻ ഇടയുണ്ടെന്നും യോഗം വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിലാണ് പഴയ ആൾക്ക് തന്നെ ഈ വർഷത്തെ പ്രവൃത്തിയും നൽകിയത്. ഈ കരാറുകാരന് ഈ വർഷത്തെ പ്രവൃത്തിയുടെ ബിൽ പ്രകാരം തുക നൽകാനും തുടർന്നും ഇയാൾ മുഖേന വർക്ക് ചെയ്യുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.61 <u>പൂവച്ചൽ ഗ്രാമപഞ്ചായത്ത്</u>**

**ബഹു. അരുവിക്കര** MLA**യുടെ 28.06.2022 ലെ 322/MLA/ARVK/2022-ാം നമ്പർ കത്തും പൂവച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.02.2022 ലെ V1(15)-ാം നമ്പർ തീരുമാനവും (SRG 997/22- LSGD-FM2/99/22/LSGD).**

**വിഷയം:-** ഗ്രന്ഥശാലകളുടെ വൈദ്യുതി ബില്ലും പത്രമാസികകളുടെ ബില്ലും നൽകാൻ അനുമതി.

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ജനതാ ഗ്രന്ഥശാല, പ്രിയദർശിനി ഗ്രന്ഥശാല, മിനി നഗർ കൾച്ചറൽ അസോസിയേഷൻ ഗ്രന്ഥശാല എന്നിവ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്തതാണ്. ഈ ഗ്രന്ഥശാലകളിലെ വൈദ്യുതി ബിൽ, പത്രമാസികകൾ എന്നിവയുടെ ചെലവ് ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.62 <u>പാലക്കാട് ജൈവകാർഷിക ഉത്പാദന വിപണന സമിതി</u>**

**പാലക്കാട് ജൈവകാർഷിക ഉല്പാദന വിപണന സമിതി (Reg.No. PKD/CA/81/2021) സെക്രട്ടറിയുടെ 07.09.2022 ലെ കത്തും 26.07.22 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സും (SRG 938/22).**

**വിഷയം:-** കൃഷിക്ക് – സബ്സിഡി നൽകുന്നതിൽ വ്യക്തത വരുത്തുന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി- ധനസഹായമാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022 തസ്വഭവ നമ്പർ ഉത്തരവ്) ജൈവവളം, കുമ്മായം, ഡോളോമൈറ്റ് (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ) വളർച്ചാ ത്വരകങ്ങൾ, ജീവാണുവളങ്ങൾ എന്നിവ സബ്സിഡിയോടെ നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൃഷി മേഖലയിലെ സബ്സിഡിയിൽ ചില ഭേദഗതി വരുത്തണമെന്ന് പല തദ്ദേശഭരണസ്ഥാപനങ്ങളും ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് 23.07.22 ൽ എസ്.ആർ.ജി ഓഫീസിൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുമായി യോഗം ചേർന്നു. ഈ യോഗത്തിൽ ജൈവവളം വാങ്ങുന്നതിന് മാർഗ്ഗരേഖയിൽ ഖണ്ഡിക 6.1 ക്രമനമ്പർ 1-ൽ പറയുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ ഇക്കോഷോപ്പുകൾ എന്നിവകൂടി ഉൾപ്പെടുത്തണമെന്ന് കൃഷി വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ൽ യോഗത്തിൽ ജൈവ വളം വാങ്ങുന്നതിനു നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ മുകളിൽ പറഞ്ഞ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ തീരുമാനിച്ചു. എന്നാൽ "ജൈവവളം" എന്നതിനുപകരം മാർഗ്ഗരേഖയിൽ ഖണ്ഡിക 6.1 ക്രമനമ്പർ 1 ൽ പറയുന്ന എല്ലാ ഇനങ്ങളും (ജൈവവളം, കുമ്മായം, ഡോളോമെറ്റ്, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ വളർച്ചാ ത്വരകങ്ങൾ ജീവാണുക്കൾ) എന്ന് ചേർക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.63 **കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്**

**കേരളഖാദി ഗ്രാമവ്യവസായ ബോർഡ് വൈസ് ചെയർമാന്റെ 23.09.2022 ലെ കത്ത് (SRG 1028/2022).**

**വിഷയം:-** ഖാദിവ്യവസായ യൂണിറ്റിനു നൽകിയിരുന്ന പഴയ സബ്സിഡി - ധനസഹായ നിരക്ക് പുനഃസ്ഥാപിക്കണമെന്നതു സംബന്ധിച്ച്.

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് 26.07.2020 ലെ 1400/2020/തസ്വഭവ ഉത്തരവു പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്ന സബ്സിഡി / ധനസഹായ നിരക്ക് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020 ലെ യോഗ തീരുമാനമനുസരിച്ച് 26.07.2020 ലെ 1400/2020/തസ്വഭവ ഉത്തരവു പ്രകാരം അന്നു നിലനിന്ന (13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ) മാർഗ്ഗരേഖയിൽ ഖാദി യൂണിറ്റുകൾക്ക് നൽകാവുന്ന ധനസഹായം സംബന്ധിച്ച് താഴെ പറയുന്നവ കൂട്ടി ചേർത്തു.

"ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി വ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാൻ അനുമതിയുണ്ട്. മറ്റുസ്ഥാപനങ്ങൾക്ക് / സംഘങ്ങൾക്ക് അന്നു നിലനിന്ന മാർഗ്ഗരേഖ പ്രകാരമുള്ള 80 ശതമാനം സബ്സിഡിയും നൽകാം". ഇത് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇത് കൂടി പുതിയ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്നതാണ് ആവശ്യം.

**4.64 തുത്താല ബ്ലോക്ക് പഞ്ചായത്ത് - ചാലിശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രം**

**ചാലിശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ കരാർ ജീവനക്കാരി ശ്രീമതി റെനിഷയുടെ 28.07.2022 - ലെ കത്ത് (SRG 1805/22).**

**വിഷയം:-** സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ കരാർ ജീവനക്കാർക്ക് വേതനം സംബന്ധിച്ച്.

തൃത്താല ബ്ലോക്കു പഞ്ചായത്തു മുഖേന ചാലിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കരാറടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിച്ചിട്ടുണ്ട്. കരാടിസ്ഥാനത്തിൽ നിയമക്കുന്നവർക്ക് ധനവകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും ഉത്തരവു പ്രകാരമുള്ള വേതനം ലഭിക്കുന്നില്ലെന്ന് അറിയിച്ചിരിക്കുന്നു. ഒപ്പം ഇവർക്ക് അർഹമായ അവധിയും ലഭിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്. ഇതു പരിഹരിക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.65 **മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2022 ലെ കത്തുകൾ (2 എണ്ണം) അനുബന്ധ രേഖകളും (SRG 969/22 - CC/471/2022).**

**വിഷയം:** ഗാന്ധി പ്രതിമ സ്ഥാപിക്കുന്നതിനു ഏജൻസിയെ നിശ്ചയിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 64/23* | ***അടങ്കൽ*** | ***5,00,000 രൂപ***<br>*(തനതുഫണ്ട്)* |
| ***പേര്*** | ***ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ ഗാന്ധി പ്രതിമ സ്ഥാപിക്കൽ*** | |

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഗാന്ധി പ്രതിമ സ്ഥാപിച്ച് അതിനോടനുബന്ധിച്ച് ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ആർട്ട് വർക്കുകൾ, പുല്ലുകൊണ്ടുള്ള ലാന്റ് സ്കേപ്പിംഗ് എന്നിവയും ചെയ്യാനുദ്ദേശിക്കുന്നു. ഈ പ്രവൃത്തികൾ കേരള ഗ്രാമ വികസന സാനിറ്റേഷൻ സൊസൈറ്റി മുഖേന ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.66 <u>എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.08.2022 ലെ കത്തും എരഞ്ഞോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.08.2022 ലെ A3/2900/21-ാം നമ്പർ കത്തും (SRG 943/22 – CC/496/22).**

**വിഷയം:** ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് ബ്ലോക്ക് / ജില്ലാ പഞ്ചായത്തു നൽകുന്ന വിഹിതം ദൈനം ദിന ചെലവിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 10/23* | ***അടങ്കൽ*** | ***13,50,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | ***6,00,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | ***2,00,000 രൂപ*** |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | ***4,00,000 രൂപ*** |
| | *തനത് ഫണ്ട്* | ***1,50,000 രൂപ*** |
| ***പേര്*** | ***എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ദൈനംദിന ചെലവ്*** | |

എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനു വേണ്ടി തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തു വിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന വിഹിതം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ദൈനം ദിന ചെലവിന് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.67 <u>തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ</u>**

**<u>തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 6.10.2022 ലെ</u>** <u>DB3/753/2013/CE/</u>**<u>തസ്വഭവ നമ്പർ കത്ത്</u> (SRG 1054/22).**

**വിഷയം:-** വാഹനം വാടകയ്ക്ക് എടുക്കുന്നതു സംബന്ധിച്ച്.

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനു നിലവിൽ സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. ഇതനുസരിച്ച് പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36,000 രൂപ വരെ വാടകയിനിത്തിൽ ചെലവഴിക്കാം. ഈ നിരക്കു പ്രകാരം ശരാശരി ഒരു കിലോമീറ്ററിന് 18 രൂപയാണ്. ഇതു തെറ്റായി വ്യാഖ്യാനിച്ച് പല തദ്ദേശഭരണസ്ഥാപനങ്ങളും വാഹനം യഥാർത്ഥത്തിൽ ഓടുന്ന കിലോമീറ്ററിനു കണക്കു കൂട്ടി 18

രൂപ നിരക്കിൽ വാടക നിശ്ചയിക്കുന്നു. അതിനാൽ വാടകയ്ക്ക് വാഹനം ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ "പ്രതിമാസം പരമാവധി 36000 രൂപയിൽ അധികരിക്കാതെ പരമാവധി 2000 കി.മി. സഞ്ചരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് അംഗീകാരം നൽകാവുന്നതും 2000 കി.മീ. ഓടിയില്ലെങ്കിൽ പോലും ക്വാട്ട് ചെയ്ത തുക പ്രതിമാസം അനുവദിക്കാവുന്നതുമാണ്" എന്ന് സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.68 <u>ബൈസൺവാലി ഗ്രാമപഞ്ചായത്ത്</u>**

**<u>ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2022 ലെ കത്തും ബൈസൺ വാലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.05.2022 ലെ IV(1)-ാം നമ്പർ തീരുമാനവും (SRG 693/22 – CC/394/22).</u>**

**വിഷയം:–** പ്രോജക്ട് തയ്യാറാക്കാതെ ചെയ്ത പ്രവർത്തിക്ക് തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 79/23*** | ***അടങ്കൽ*** | ***20,00,000 രൂപ***<br>*(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***മുട്ടുകാട് പാടം തോട് സൈഡ് കെട്ടൽ*** | |

ബൈസൺവാലി ഗ്രാമപഞ്ചായത്തിലെ മുട്ടുകാട് പാടശേഖരത്തിന്റെ തോട് സൈഡ് കെട്ടാനായി 2017–18 ൽ 49.75 ലക്ഷം രൂപ കൃഷി വകുപ്പിന് അനുവദിച്ചിരുന്നു. ഈ തുക ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിന്റെ റ്റി.എസ്.ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. ഈ തുക ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാതെ സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്തു. ഇപ്പോൾ പ്രവൃത്തി പൂർത്തിയായിവരുന്നു. ട്രഷറിയിൽ സൂക്ഷിച്ച തുക തനതുഫണ്ടായി കരുതി മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചു. ഇപ്പോൾ കരാറുകാരൻ പാർട്ട് ബിൽ സമർപ്പിച്ചു. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ തുക നൽകാനായി വികസനഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.69 <u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**അട്ടപ്പാടി ബ്ലോക്കുപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 29.09.2022 ലെ കത്ത് (SRG 1061/22).**

**വിഷയം:–** കോട്ടത്തറ ആശുപത്രിയിൽ അധികമായി സ്റ്റാഫിനെ ബ്ലോക്കു പഞ്ചായത്തിൽ നിന്നും നിയമിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 188/23*** | ***അടങ്കൽ*** | ***10,00,000 രൂപ***<br>*(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| ***പേര്*** | ***കോട്ടത്തറ GTSH HMC താത്ക്കാലിക ജീവനക്കാർക്ക് വേതനം*** | |

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ജനറൽ മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി, ഗൈനക്കോളജി, സെക്ക്യാട്രി, സർജറി, ശിശുരോഗ വിദഗ്ധ സേവനം, കണ്ണ് രോഗം, ഡയാലിസിസ് ഉടങ്ങിയ സ്പെഷ്യാലിറ്റിയുണ്ട്. ഡയാലിസിസിന് ഇപ്പോഴുള്ള ഒരു ഷിഫ്റ്റിനു പകരം രണ്ടു ഷിഫ്റ്റാക്കണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്. എച്ച്.എം.സിയിൽ

മതിയായ വരുമാനമില്ലാത്തതിനാൽ താല്ക്കാലികാടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം അധികമാൾക്കാരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

1) ഡയാലിസിസ് ടെക്നീഷ്യൻ – 1 എണ്ണം
2) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II – 3 എണ്ണം
3) ലാബ് ടെക്നീഷ്യൻ – 1 എണ്ണം
4) സെക്യൂരിറ്റി ജീവനക്കാർ – 2 എണ്ണം

4.70 <u>പഞ്ചായത്ത് ഡയറക്ടർ – HDPE ചെടിച്ചട്ടി</u>

**പഞ്ചായത്തു ഡയറക്ടറുടെ 05.05.2022 ലെ PAN/6090/2022/J1 (DP) നമ്പർ കത്തും ശ്രീ ഫ്രാൻസിസ് വർഗ്ഗീസ് അടിക്കോട്, തൃശ്ശൂർ എന്ന ആൾ CMO പോർട്ടൽ മുഖേന നൽകിയ കത്തും അനുബന്ധ രേഖകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗ തീരുമാനവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.09.2022 ലെ 8874/H1/2022/KSHO നമ്പർ കത്തും (SRG 1068/22).**

**വിഷയം:–** HDPE ചെടിച്ചട്ടിയുടെ ഉപയോഗം പ്രോത്സാഹിപ്പക്കണമെന്നതു സംബന്ധിച്ച്.

അടുക്കളത്തോട്ടം, ടെറസ് ഗാർഡൻ പച്ചക്കറി കൃഷിക്ക് ഗ്രോബാഗിനു പകരം High Density Poly Ethylene (HDPE) ചെടിചട്ടി പ്രോത്സാഹിപ്പിക്കണമെന്നും ഇതു വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നുമാണ് കത്തു നൽകിയ ആളുടെ ആവശ്യം. HDPE ചെടിചട്ടികളുടെ ഗുണനിലവാരം , ഇത്തരം ചട്ടികൾ ഉപയോഗിക്കുന്നതിന്റെ പ്രായോഗികത, ഗുണമേന്മ തുടങ്ങിയവയിന്മേൽ കേരള കാർഷിക സർവ്വകലാശാലയുടെ വിദഗ്ധോപദേശം തേടി കൃഷി വകുപ്പു ഡയറക്ടറോട് റിപ്പോർട്ട് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

കൃഷി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം മുകളിൽ പറഞ്ഞ വ്യക്തിയുമായി ഇതിന്റെ വിലയടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. HDPE ചെടിചട്ടികളുടെ നിർമ്മാണ യൂണിറ്റ് കുടുംബശ്രീ തുടങ്ങുന്നതിന്റെ സാധ്യത പരിശോധിക്കുന്നതോടൊപ്പം ഇതിന്റെ വിതരണവും ഏറ്റെടുക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു.

തുടർന്ന് കൃഷി ഡയറക്ടർ ഇതിന്മേൽ റിപ്പോർട്ട് നൽകി. കാർഷിക സർവ്വകലാശാല HDPE ചെടിചട്ടിയിന്മേൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. തുടർന്ന് കൃഷി ഡയറക്ടർ കൊച്ചിയിലെ Central Institute of Petrochemicals Engineering & Technology (CIPET) എന്ന സ്ഥാപനത്തിന്റെ അഭിപ്രായമാരാഞ്ഞു. CIPETയുടെ റിപ്പോർട്ട് പ്രകാരം ഈ ചട്ടികൾ 5 വർഷക്കാലത്തേക്ക് ഈടു നിൽക്കുന്നതാണെന്നും FSSAI സ്റ്റാന്റേർഡുപ്രകാരം പരിസ്ഥിതിക്ക് ദോഷം ചെയ്യാത്തതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ HDPE ചെടിചട്ടികൾ ഉപയോഗിക്കുന്നതിന് ശുപാർശ ചെയ്യാവുന്നതാണെന്ന് കൃഷി ഡയറക്ടർ അറിയിച്ചിരുന്നു. HDPE ചെടിചട്ടികൾക്ക് 5 വർഷ ഗ്യാരന്റി നൽകേണ്ടതാണെന്നും ഒരു ചെടിച്ചട്ടിക്ക് (വലിപ്പം പറഞ്ഞിട്ടില്ല) 140 രൂപയിൽ കൂടുതൽ വില ആവാൻ പാടില്ലെന്നും കൃഷി ഡയറക്ടർ അറിയിച്ചു.

ഇതനുസരിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ചെടിച്ചട്ടികൾ നിർമ്മിക്കുന്ന സ്ഥാപന ഉടമയുമായി ചർച്ച ചെയ്തു. ഇവർക്കു കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും അവർ നിർമ്മിക്കുന്ന ചെടിച്ചട്ടികൾ കമ്മീഷൻ വ്യവസ്ഥയിൽ കുടുംബശ്രീ മുഖാന്തിരം വിപണനം നടത്തുകയാണ് ലക്ഷ്യമെന്നും അറിയിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ കുടുംബശ്രീ വഴി വിതരണം നടത്തുവാൻ പാടില്ലായെന്ന നയപരമായ തീരുമാനം ഉള്ളതിനാൽ സ്ഥാപന ഉടമയുടെ ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**4.71 <u>തഴക്കര ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2022 ലെ കത്ത് (SRG 653/22 - CC/380/22).**

**വിഷയം:-** ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി വാങ്ങിയ സ്ഥലത്തിന്റെ ഒരു ഭാഗം അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തഴക്കര ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലുള്ള രണ്ട് അങ്കണവാടി കെട്ടിടങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ വാർഡിൽ തന്നെ ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി വാങ്ങിയ 24 സെന്റ് സ്ഥലം ഉണ്ട്. ഇതിൽ നിന്ന് 3 സെന്റ് സ്ഥലം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.72 <u>അരുവാപ്പുലം ഗ്രാമപഞ്ചായത്ത്</u>**

**അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2022 ലെ** A2-2289/2022- **ലെ കത്ത് (SRG 854/22).**

**വിഷയം:** എസ്റ്റേറ്റ് മേഖലയിലെ അങ്കണവാടി കെട്ടിടത്തിന് അറ്റകുറ്റപ്പണി ചെയ്യുന്നത് സംബന്ധിച്ച്.

അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ 30, 34എന്നീ നമ്പറുകളിലുള്ള അങ്കണവാടി കെട്ടിടങ്ങളുടെ മേൽക്കൂര തകർന്നു വീഴാറായ സ്ഥിതിയിലാണ്. അതിനാൽ ഫിറ്റ്നസ് ലഭിച്ചിട്ടില്ല. ഈ വർഷം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി 25,66,000 രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ തുകയിൽ നിന്ന് മുകളിൽ പറഞ്ഞ രണ്ട് അങ്കണവാടി കെട്ടിടങ്ങൾ റിപ്പയർ ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.